# അൽ ഫഖ്

AHMADIYYA — LOVE FOR ALL HATRED FOR NONE — NEWS BULLETTIN

A PUBLICATION OF MAJLIS KHUDDAM-UL-AHMADIYYA - KERALA | ജനുവരി 2008 | PRIVATE CIRCULATION



രണ്ടാം പേജിൽ — താഹിർ ഹോമിയോ ക്ലിനിക്



അഞ്ചാം പേജിൽ — ചരിത്രപഥം: സാമൂഹിക ബഹിഷ്കരണത്തിന്റെ ഭീകരത

അഞ്ചാം പേജിൽ —



റൺ ഫോർ വോഹൻ

ഏഴാം പേജിൽ — ഖിലാഫത്തുമായി വ്യക്തിബന്ധം പുലർത്തുക: മൗലാനാ മുഹമ്മദ് ഉമർ സാഹിബ്




എട്ടാം പേജിൽ — പ്രതിമാസം — ഇരുണ്ട ആഫ്രിക്കയിലെ ദരിദ്ര ചാഡ്


# നബിയുടെ മാതൃക പിന്തുടരുക

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹുല്ലാഹ്)**

ഹദ്റത്ത് ഇബ്റാഹീം (അ) ന്റെ ദൃഷ്ടിയിൽ ഖിയാമത്തുന്നാൾവരേക്കുമുള്ള ജനങ്ങൾക്കായി വരാൻപോകുന്ന ആ ഖാത്തമുന്നബിയ്യീനിൽ ഉണ്ടായിരിക്കേണ്ട പ്രത്യേകതയെക്കുറിച്ച് ഞാൻ പറയുന്നതാണ്. അത് ***യുസക്കീഹിം*** എന്ന പ്രാർത്ഥനയാണ്. അവരെ ശുദ്ധീകരിക്കുകയും ചെയ്യേണമേ; അതായത് ആ വരാൻ പോകുന്ന ദൂതനെ വിശ്വസിക്കുന്നവരെ ശുദ്ധീകരിക്കേണമേ. അല്ലാഹു ലോകത്തേക്ക് അയച്ചിട്ടുള്ള ഓരോ നബിയുടെയും പ്രവൃത്തി, അവന്റെ പ്രീതി കരസ്ഥമാക്കാനുതകുന്ന അധ്യാപനങ്ങളും പാഠങ്ങളും ജനങ്ങൾക്ക് പറഞ്ഞുകൊടുക്കുക എന്നതു തന്നെയാണ്. വിശ്വസിക്കുന്നവരെ ശുദ്ധീകരിച്ചെടുക്കുകയും വേണം. ഇവിടെ പറഞ്ഞിരിക്കുന്ന ആ പ്രത്യേക ശുദ്ധീകരണമെന്താണ്? ഈ മഹാനായ ദൂതന്റെ മേൽ ഇറങ്ങുന്ന വചനങ്ങളും പ്രത്യേക സ്ഥാനം വഹിക്കുന്നതാണെന്ന് കഴിഞ്ഞ ഖുത്ബകളിൽ ഞാൻ പറഞ്ഞിരുന്നു. ആ മഹാത്മാവിന്റെ മേൽ ഇറങ്ങുന്ന വചനങ്ങൾ,



മുമ്പേയുള്ള ഒരു ധർമ്മശാസ്ത്രത്തിലും പറഞ്ഞിട്ടില്ലാത്തവിധം ഖണ്ഡിതമാണ്. നബി (സ) തിരുമേനിയുടെ മേൽ ഇറങ്ങിയ ശരീഅത്ത് ഇറങ്ങിയപോലെതന്നെ ഗ്രന്ഥരൂപത്തിലുമുണ്ട്. നബി(സ)യ്ക്കിറങ്ങിയ ഈ അധ്യാനപത്തിലെ ഓരോ കല്പനയും യുക്തിനിർഭരമായ തെളിവുകൾ ഉൾക്കൊള്ളുന്നവയാണ്. അതിന്റെ തത്ത്വശാസ്ത്രം വിവരിക്കപ്പെട്ടിരിക്കുന്നു. മറ്റു ധർമ്മശാസ്ത്രങ്ങളിലൊന്നും അത് കാണാൻ കഴിയില്ല. ആദ്യത്തെ മൂന്ന് കാര്യങ്ങൾക്കുവേണ്ടി ചെയ്ത പ്രാർത്ഥനയുടെ അതേ മാനദണ്ഡത്തിൽതന്നെയാണ്.

കാട്ടാളന്മാരായവരെ, അവരുടെ ഹൃദയം പകയും വിദ്വേഷവുംകൊണ്ട് നിറഞ്ഞിരുന്നു. മദ്യം, ലഹരി, ചൂതാട്ടം, വ്യഭിചാരം തുടങ്ങിയ രോഗങ്ങളിൽ അകപ്പെട്ടുകഴിഞ്ഞിരുന്നു, സ്വന്തം പിതാവിന്റെ ഭാര്യമാരെപോലും അവർ അനന്തരാവകാശസ്വത്തായി വീതിക്കാറുണ്ടായിരുന്നു, നിസ്സാര കാര്യങ്ങളുടെമേൽ കോപാന്ധരാകുമായിരുന്നു, കൊലപാതകങ്ങളുടെ ബാസാർ ചൂടാകുമായിരുന്നു, പിന്നീട് ഈ പരമ്പര വർഷങ്ങളോളം നിലനില്ക്കുമായിരുന്നു. പക്ഷേ, അവർ ഇസ്ലാമിന്റെ മടിത്തട്ടിൽ വന്നുവീണപ്പോൾ, മറ്റുള്ളവരെക്കൊണ്ട് ത്യാഗങ്ങൾ ചെയ്യിച്ചിരുന്നവർ സ്വയം ത്യാഗങ്ങൾ ചെയ്യുന്നവരായിത്തീർന്നു. പകയും വിദ്വേഷവും കൊണ്ട് നിറഞ്ഞിരുന്നവർ, മാപ്പ് കൊടുക്കുന്നവരും വിട്ടുവീഴ്ചയോടെ പ്രവർത്തിക്കുന്നവരുമായിത്തീർന്നു. മദ്യത്തിന്റെ ലഹരിയിൽ ഉന്മാദനൃത്തം ചവിട്ടിയിരുന്നവരും വെള്ളം പോലെ മദ്യം കുടിച്ചിരുന്നവരും മദ്യം നിരോധിച്ചിരിക്കുന്നു എന്ന വിളംബരം കേട്ടപാടെ, ചുണ്ടുകളിൽ മുട്ടിയിരുന്ന മദ്യചഷകങ്ങളെ വലിച്ചെറിയുന്നവരായിത്തീർന്നു. വെള്ളം നിറയ്ക്കുന്ന പാത്രത്തിൽ, മദ്യം നിറച്ചുവെച്ചിരുന്നവർ, ഒറ്റ ശബ്ദം കേട്ടപ്പോൾ അവയെ തച്ചുതകർക്കുന്നവരായിത്തീർന്നു. മദീനയുടെ ഇടവഴികളിൽ മദ്യം വെള്ളംപോലെ ഒഴുകാൻ തുടങ്ങി. രാവും പകലും പാപങ്ങളും ദുഷ്കൃത്യങ്ങളും കൊണ്ട് നിറഞ്ഞവർ, മതസേവനത്തിനും ആരാധനയ്ക്കുമായി രാവും പകലും ഉണർന്നിരിക്കാൻ തുടങ്ങി. ഉത്സവമേളകളിൽ തിമിർത്താടിയിരുന്നവർ ഏകാന്തതയിൽ അല്ലാഹുവിന്റെ മുമ്പിൽ കരഞ്ഞുനിലവിളിക്കുന്നവരായിത്തീർന്നു. ഈ വിപ്ലവം അവരിലുണ്ടായത്, അവർ ആ ശുദ്ധീകരണകർത്താവിന്റെ പരിശുദ്ധശക്തിയിൽനിന്നും പരിശുദ്ധമായ അധ്യാപനങ്ങളിൽനിന്നും അനുഗ്രഹം പ്രാപിച്ചതുകൊണ്ടാണ്. അവർ ഒരു വികാരത്തോടും ആത്മാർത്ഥതയോടുംകൂടി അല്ലാഹുവിന്റെ തൃപ്തി

*(ശേഷം 8-ാം പേജിൽ)*

# ഇന്തോനേഷ്യ: നിരോധനം തള്ളി

**ജക്കാർത്ത:** അഹ്മദിയ്യാ ജമാഅത്തിനെ പരിപൂർണ്ണമായും നിരോധിക്കണമെന്ന ഇന്തോനേഷ്യൻ ഉലമാ കൗൺസിലിന്റെ ആവശ്യം ഇന്തോനേഷ്യയിലെ അറ്റോർണി ജനറൽ ഓഫീസ് തള്ളിക്കളഞ്ഞു. ജനുവരി 5-ന് ചേർന്ന പൊതുവിശ്വാസത്തിനു വേണ്ടിയുള് മേൽനോട്ട സമിതിയാണ് ഈ തീരുമാനമെടുത്തത്. അഹ്മദിയ്യത്തിന്റെ നിലനിൽപ്പിനെ നിയമപരമെന്നു വിലയിരുത്തിയ സമിതി പക്ഷേ, മൂന്നുമാസത്തെ സമയത്തിനുള്ളിൽ 12 ചോദ്യങ്ങളടങ്ങുന്ന ഒരു ചോദ്യാവലി പൂരിപ്പിച്ചു നൽകാൻ അഹ്മദിയ്യാ ജമാഅത്തിനോടാവശ്യപ്പെട്ടു. ബേക്കർ പാക്കം എന്നറിയപ്പെടുന്ന ഈ സമിതിയാണ് ഇന്തോനേഷ്യയിൽ വിശ്വാസപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നത്. വിശ്വാസപരമായ കാര്യങ്ങളാണ് 12 തരത്തിലുള്ള ചോദ്യങ്ങളായി ജമാഅത്തിന് നേരിടേണ്ടിവന്നത്. മുഹമ്മദ്(സ) നബിയെ അംഗീകരിക്കുന്നുണ്ടോയെന്നത് ഈ ചോദ്യങ്ങളിലുൾപ്പെടുന്നുവത്രെ. മൂന്നുമാസമാണ് ചോദ്യങ്ങൾക്കുത്തരം നൽകാനുള്ള കാലയളവ്.

മറുവശത്ത് ജമാഅത്തിനെ നിരോധിക്കാൻ ഗവർമ്മെന്റ് വിസമ്മതിച്ചതിൽ പ്രതിഷേധിച്ച് മതമൗലികവാദികൾ വമ്പിച്ച പ്രതിഷേധമാണുയർത്തിയത്. പല മതസംഘടനകളും ഗവർമ്മെന്റ് തീരുമാനത്തെ ശക്തമായ ഭാഷയിൽ അവലംബിച്ചു. ജമാഅത്തിനെ നിരോധിക്കാനുള്ള തീരുമാനം ഏറ്റവും ശക്തമായി ആവശ്യപ്പെട്ട ഇന്തോനേഷ്യൻ ഉലമാ കൗൺസിൽ രൂക്ഷമായാണ് ഗവർമ്മെന്റിനെതിരെ തിരിഞ്ഞത്. മറ്റൊരു സംഘടന ഇസ്ലാമിക സമുദായ സഭ (FUI) അടുത്ത മൂന്നുമാസത്തേക്ക് അഹ്മദിയ്യാ വിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇക്കാലയളവിൽ വൻറാലികളും, പ്രാർത്ഥനാ സദസ്സുകളും സംഘടിപ്പിക്കാനാണിവർ ഒരുങ്ങുന്നത്. ഇസ്ലാമിക പ്രതിരോധ മുന്നണി (FPI) അഹ്മദിയ്യാ പ്രശ്നത്തിൽ ജൂനിയർ അറ്റോർണിയുമായി ഒരു കൂടിക്കാഴ്ചയ്ക്ക് ശ്രമിച്ചെങ്കിലും നടന്നില്ല. രോഷംപൂണ്ട ഈ സംഘടന ജിഹാദിനൊരുമ്പെടാൻ ജനങ്ങളെ ആഹ്വാനം ചെയ്തിട്ടുമുണ്ട്. കൂടാതെ മുസ്ലിം ഫോറം എന്ന പുതിയൊരു സംഘടനകൂടി അഹ്മദിയ്യാ നിരോധനം ആവശ്യപ്പെട്ടുകൊണ്ട് രംഗത്തെത്തിയിട്ടുണ്ട്.

# അഹ്മദിയ്യാ കുടുംബത്തെ ആക്രമിച്ചു

**കുഷ്തിയ (ബംഗ്ലാദേശ്):** അനഹ്മദി കുടുംബം നാട് വിടേണ്ടിവന്നിരിക്കുന്നു. ധാക്കയ്ക്കടുത്ത് ബിഷ്ണുധിയ ഗ്രാമത്തിലാണ് സംഭവം. മോസം ഹുസൈൻ എന്ന അഹ്മദിയുടെ കുടുംബത്തിനാണ് ഈ പരീക്ഷണം നേരിടേണ്ടി വന്നത്. ഈ ഗ്രാമത്തിലെ പ്രമാണിമാരും പള്ളിക്കമ്മറ്റിക്കാരുമാണ് രൂക്ഷമായ അഹ്മദിയ്യാ വിരുദ്ധ പരാക്രമങ്ങൾക്ക് നേതൃത്വം നല്കിയത്. നേരത്തെ ഈ കുടുംബത്തിലെ നാലുപേർക്കുമെതിരെ ഊരുവിലക്ക് ഏർപ്പെടുത്തിയിരുന്നു.

മോസം ഹുസൈനുമായി ബന്ധപ്പെടുന്നതിൽനിന്ന് മുഴുവൻ ഗ്രാമവാസികളെയും വിലക്കിയിരുന്നു. ആരെങ്കിലും ഈ ഫത്ത്വ ലംഘിച്ചാൽ 500 രൂപ പിഴ വിധിച്ചിരുന്നു. കടുത്ത അവഹേളനങ്ങൾ തുടർന്നപ്പോൾ പ്രാദേശിക ഭരണകൂടവും പോലീസും മധ്യസ്ഥത വഹിച്ച് പ്രശ്നം പരിഹരിച്ചിരുന്നു. എന്നാൽ, പിന്നീട് മോസം ഹുസൈനോടും കുടുംബത്തോടും അഹ്മദിയ്യത്ത് ഉപേക്ഷിക്കാൻ നിർബന്ധിക്കുകയായിരുന്നു. ഇതിന് തയ്യാറില്ലെങ്കിൽ കൊല്ലുമെന്നായിരുന്നു ഭീഷണി. അവസാനം നിവർത്തിയില്ലാത്ത അവസ്ഥയിൽ മോസം ഹുസൈൻ തന്റെ കുടുംബത്തോടൊപ്പം പാലായനം ചെയ്തു. ഇപ്പോൾ ജില്ലാതല സ്ഥാനത്താണ് ഈ കുടുംബം കഴിഞ്ഞുവരുന്നത്.

# ബംഗ്ലാദേശിൽ ഹ്യൂമാനിറ്റി ഫസ്റ്റ്



**ധാക്ക:** ബംഗ്ലാദേശിൽ വീശിയടിച്ച ചുഴലിക്കൊടുങ്കാറ്റ് 2000 ആളുകളുടെ ജീവൻ അപഹരിച്ചു. കൂടാതെ അഞ്ചുലക്ഷത്തോളം ആളുകൾ ഭവനരഹിതരായി. ബംഗ്ലാദേശിന്റെ തെക്കൻ തീരദേശമേഖലയിൽ വീശിയടിച്ച ഈ കൊടുങ്കാറ്റ് കൃഷിയേയും വാർത്താവിനിമയ-ഗതാഗത സംവിധാനങ്ങളേയും അടിമേൽമറിച്ചു. ഈ മേഖലയിൽ ഹ്യൂമാനിറ്റിഫസ്റ്റ് നടത്തുന്ന പുനരധിവാസ പ്രവർത്തനങ്ങൾ ഊർജ്ജിതമായിത്തുടരുന്നു. ഈ മേഖലയിൽ ഹ്യൂമാനിറ്റി പ്രവർത്തകർ ശുദ്ധജല വിതരണത്തിനാണ് മുൻഗണന നല്കുന്നത്. കൂടാതെ ആഹാര പദാർത്ഥങ്ങളുടെ വിതരണം നടത്തുന്നു. ഇതര സന്നദ്ധസംഘടനകൾ അറച്ചുനിൽക്കുന്ന ഈ മേഖലയിൽ ധീരതയോടെ മുന്നേറുന്ന ഹ്യൂമാനിറ്റി ഫസ്റ്റ് പ്രകീർത്തിക്കപ്പെടുന്നുണ്ട്.

ബംഗ്ലാദേശിലെ പൗതഖാലയ്ക്കടുത്തുള്ള രംഗബലി എന്ന വനമേഖലയിലാണ് ഹ്യൂമാനിറ്റിഫസ്റ്റിന്റെ ഏറ്റവും പ്രധാനപ്പെട്ട സേവനരംഗം. ഈ മേഖലയിൽ കുടിവെള്ളക്ഷാമം രൂക്ഷമായതിനാൽ ഹ്യൂമാനിറ്റിഫസ്റ്റ് പ്രതിദിനം 13000 ലിറ്റർ ശുദ്ധജലം വിതരണം ചെയ്യുന്നു. കൂടാതെ 1200ഓളം പേർക്ക് ദിവസവും ഉച്ചഭക്ഷണം വിതരണം ചെയ്യുന്നു. ചെറിയ സമയത്തിനുള്ളിൽത്തന്നെ 5000 ആളുകൾക്ക് പലവ്യഞ്ജനങ്ങളടങ്ങുന്ന പാക്കറ്റുകൾ വിതരണം ചെയ്തുകഴിഞ്ഞു. ഇവിടത്തെ മെഡിക്കൽ ക്യാമ്പിൽ ദിവസവും 150 വീതം രോഗികളെ ചികിത്സിക്കുന്നു.

# നൗ മുബായീൻ ക്യാമ്പ്

**എറണാകുളം:** സൗത്ത് കേരള ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ, പുതുതായി ജമാഅത്തിൽ പ്രവേശിച്ചവർക്ക് വേണ്ടിയുള്ള 'നൗ മുബായീൻ ക്യാമ്പ്' കൊടുങ്ങല്ലൂർ ജമാഅത്തിൽവച്ച് 2008 ജനുവരി 13-ാം തിയ്യതി നടത്തി. സൗത്ത് ഇലാഖാ ഖാഇദ് ഇ.എച്ച്. നജീബ് സാഹിബ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. കൊടുങ്ങല്ലൂർ ഖാഇദ് മൊയ്തീൻ ബാബു സാഹിബ് ഖുർആൻ പാരായണം നിർവ്വഹിച്ചു. ഇസഹാഖ് സാഹിബ്, അബറാർ സാഹിബ്, സമീറുദ്ദീൻ സാഹിബ് എന്നിവർ പദ്യം ചൊല്ലി. കൊടുങ്ങല്ലൂർ ജമാഅത്ത് പ്രസിഡണ്ട് സൈനുദ്ദീൻ സാഹിബ്, മജ്‌ലിസ് അൻസാറുല്ലാ എറണാകുളം മേഖലാ നാസിം ഷാഹുൽ ഹമീദ് സാഹിബ് എന്നിവർ ക്യാമ്പിന് ആശംസകൾ നേർന്നു സംസാരിച്ചു. സന്ദേശമെത്തിക്കുക എന്നതാണ് ഓരോ അഹ്മദിയുടേയും കർത്തവ്യമെന്ന് ഹുസൂർ തിരുമനസ്സിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഇലാഖാ ഖാഇദ് സാഹിബ് തന്റെ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. ആന്ധ്രാപ്രദേശിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ചുകൊണ്ട് പുതിയ ബയ്അത്തുകളുണ്ടാക്കുന്നതിൽ സുപ്രധാന പങ്കുവഹിച്ച മൗലവി മുഹമ്മദ് സലീം സാഹിബ് കൊടുങ്ങല്ലൂർ മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചവർ ജീവിതത്തിൽ ഒരു പരിവർത്തനം ഉണ്ടാക്കിയേതീരൂവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അല്ലാഹുവുമായി സൃഷ്ടികളെ ബന്ധിപ്പിക്കുവാനാണ് മസീഹിനെ നിയോഗിച്ചത്. കാലത്തിന്റെ ഇമാമിനെ സ്വീകരിച്ചുകൊണ്ട് ഈ കപ്പലിൽ കയറുവാൻ ഭാഗ്യം സിദ്ധിച്ചവരാണ് നാം. ബയ്അത്ത് ചെയ്തതിനുശേഷം എന്ത് മാറ്റമാണ് നമുക്കുണ്ടായിട്ടുള്ളതെന്ന് അടിയ്ക്കടി പരിശോധിച്ചുകൊണ്ടിരിക്കണം. തബ്‌ലീഗ് ചെയ്യുമ്പോൾ മറ്റുള്ളവർ പറയുന്ന കാര്യങ്ങൾ ശ്രദ്ധാപൂർവ്വം കേൾക്കാൻ നാം തയ്യാറാവണം. തബ്‌ലീഗ് രംഗത്ത് ആവശ്യമായ ആയത്തുകൾ നാം ഹൃദിസ്ഥമാക്കണം. കാലത്തിന്റെ ഇമാമിന്റെ വാക്കുകൾ ശരിയായി മനസ്സിലാക്കാൻ ഉർദു പഠിക്കേണ്ടത് അത്യാവശ്യമാണെന്നും മൗ. സാഹിബ് കൂട്ടിച്ചേർത്തു. കൊടുങ്ങല്ലൂർ ജമാഅത്തംഗങ്ങൾക്കു പുറമെ എറണാകുളം മേഖലയിലെ മജ്‌ലിസുകളിൽ നിന്നുള്ള പ്രതിനിധികളും ക്യാമ്പിൽ പങ്കെടുത്തു.

ഉച്ചയ്ക്കുശേഷം നടന്ന എറണാകുളം മേഖലയിലെ മജ്‌ലിസുകളിലെ ഖാഇദുമാരുടെ മീറ്റിംഗിൽ ഇലാഖാ ഖാഇദ് സാഹിബ് അധ്യക്ഷത വഹിച്ചു. മേഖലാ ഇജ്തിമ കാക്കനാട് പള്ളിയിൽവച്ച് നടത്തുവാൻ തീരുമാനിച്ചു. ഡിസംബർ മാസത്തിലെ ഓരോ മജ്‌ലിസിലേയും റിപ്പോർട്ട് പരിശോധിച്ചുകൊണ്ട് ഖാഇദ് സാഹിബ് പ്രവർത്തന പുരോഗതിക്കുവേണ്ടിയുള്ള നിർദ്ദേശങ്ങൾ നല്കുകയുണ്ടായി.

# തബ്‌ലീഗ്

**എറണാകുളം:** സൗത്ത്കേരള ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ എറണാകുളം മേഖലയിലെ വിവിധ മജ്‌ലിസുകൾ സംയുക്തമായി 2007 ഡിസംബർ 13-ാം തിയ്യതി എറണാകുളം മറൈൻ ഡ്രൈവിൽ തബ്‌ലീഗും നോട്ടീസ് വിതരണവും പുസ്തകവില്പനയും നടത്തി. മൗലവി അൻസാർ മഹ്ദി സാഹിബ് (കാക്കനാട്) തബ്‌ലീഗ് നേതൃത്വം നല്കി. അനേകംപേർക്ക് സന്ദേശമെത്തിക്കുവാനും അഹ്മദിയ്യാ സാഹിത്യങ്ങൾ വിറ്റഴിക്കാനും ഇതുമൂലം സാധിച്ചു. എറണാകുളം, കാക്കനാട്, കൊച്ചി, പള്ളുരുത്തി ജമാഅത്തുകളിലെ ഖാദിമീങ്ങളും അൻസാർ സഹോദരന്മാരും തബ്‌ലീഗിൽ പങ്കെടുത്തു.

# രക്ഷാകർതൃദിനം

**കടലായി:** കടലായി ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ 13.1.08-ന് ഞായറാഴ്ച മഗ്‌രിബ് നമസ്കാരാനന്തരം പള്ളിയിൽവച്ച് രക്ഷാകർതൃദിനവും തർബിയ്യത്ത് ക്ലാസ്സും സംഘടിപ്പിച്ചു. ജനാബ് അബ്ദുസ്സലാം സാഹിബ്, കൂടാളി മുഖ്യപ്രഭാഷണം നടത്തി. ഖിലാഫത്തുമായി ഒട്ടിച്ചേരേണ്ടതിന്റെ ആവശ്യകതയും, അനുസരണയുള്ള പുതിയ തലമുറയെ സൃഷ്ടിച്ചെടുക്കുന്നതിൽ മാതാപിതാക്കൾ വഹിക്കേണ്ട പങ്കിനെക്കുറിച്ചും സലാം സാഹിബ് പരാമർശിച്ചു. ജനാബ് ശരീഫ് അഹ്മദ് സാഹിബ് പ്രസംഗിച്ചു. ഇസ്‌ലാഹ്-ഇർശാദ് സെക്രട്ടറി ജനാബ് എം.പി. ഉസ്മാൻ സാഹിബ് അധ്യക്ഷനായിരുന്നു.

# അൽഹഖ് പ്രചാരണ കാമ്പയിൻ

**അലനല്ലൂർ, ജനുവരി 6:** പ്രാദേശിക മജ്‌ലിസിന്റെ ആഭിമുഖ്യത്തിൽ ജനുവരി 6-ന് പ്രചാരണ കാമ്പയിൻ നടത്തി. മൗലവി കെ. ഖമറുദ്ദീൻ സാഹിബിനെ അൽഹഖിന്റെ ഒരു വർഷത്തേക്കുള്ള വരിക്കാരനായി ചേർത്തുകൊണ്ട് രാവിലെ 10 മണിക്ക് പ്രചാരണ പരിപാടിക്ക് തുടക്കം കുറിച്ചു. പ്രാദേശിക ഖാഇദ് സി.എ സ്. ഇൽയാസ് സാഹിബ്, പബ്ലിക്കേഷൻ സെക്രട്ടറി സി. നിസാർ അഹ്മദ് സാഹിബ്, തഅ്‌ലീം സെക്രട്ടറി സി.സിറാജുൽ മുനീർ സാഹിബ് എന്നിവർ 33 വീടുകൾ സന്ദർശിച്ച് 'ഒരു വീട്ടിൽ ഒരു അൽഹഖ്' എന്ന പ്രചാരണ ക്യാമ്പയിന്റെ ലക്ഷ്യം പൂർത്തിയാക്കി.

# നിരോധനം നിർബന്ധം!!

**ബാന്തുങ്ങ് (ഇന്തോനേഷ്യ):** ഇന്തോനേഷ്യൻ മുജാഹിദിൽ കൗൺസിൽ ചെയർമാൻ അബൂബക്കർ ബാസിയർ അഹ്മദികളുടെ കാര്യത്തിൽ ഒരു ഉറച്ച തീരുമാനമെടുക്കാൻ ഗവർമ്മെന്റിനോടാവശ്യപ്പെട്ടു. അഹ്മദികളെ, അവർ ഏതു പേരിലാണറിയപ്പെടുന്നതെങ്കിലും ഇസ്‌ലാമിനു പുറത്താണെന്ന് ബാസിയർ പറഞ്ഞു. അഹ്മദികളെ അമുസ്‌ലിംകളായി പ്രഖ്യാപിക്കുന്ന ഇന്തോനേഷ്യൻ ഉലമാകൗൺസിലിന്റെ ഫത്‌വ അടിസ്ഥാനപ്പെടുത്തിയും തീരുമാനങ്ങളെടുക്കാമെന്ന് അദ്ദേഹം പറഞ്ഞു.

# തർബിയ്യത്ത് ക്ലാസ്സ്

**മാത്തോട്ടം:** 9.12.07-ന് ഞായറാഴ്ച മഗ്‌രിബിനുശേഷം കോഴിക്കോട് ബയ്ത്തുഖുദ്ദുസിൽവച്ച് മാത്തോട്ടം, കോഴിക്കോട് ഖുദ്ദാമുൽ അഹ്മദിയ്യാ സംയുക്ത തർബിയ്യത്ത് ക്ലാസ്സ് സംഘടിപ്പിച്ചു. യോഗത്തിൽ പുതിയ നാഇബ് സദർ സാഹിബും, പുതിയ നോർത്ത് ഇലാഖ ഖാഇദും സംബന്ധിച്ചു. കോഴിക്കോട് ജില്ലാ ഖാഇദ് അധ്യക്ഷതവഹിച്ചു. അധ്യക്ഷൻ തന്റെ പ്രസംഗത്തിൽ നാഇബ് സദർസാഹിബിനും, ഇലാഖ ഖാഇദിനും തങ്ങളുടെ ആശംസകളും, പിന്തുണയും പ്രഖ്യാപിക്കുകയും രണ്ടുപേരും അവർ നിയോഗിതരായിട്ടുള്ള സ്ഥാനങ്ങൾക്ക് സർവ്വഥാ അർഹരാണെന്നും പറയുകയുണ്ടായി. അതിനുശേഷം മൗലവി സഫർ അഹ്മദ് സാഹിബ് ഉപദേശ പ്രസംഗം നിർവ്വഹിച്ചു. ലോകത്ത് മറ്റാർക്കും ലഭിക്കാത്ത അസുലഭ സുന്ദര മുഹൂർത്തത്തിന് സാക്ഷികളാകാൻ അല്ലാഹു നമുക്ക് ഭാഗ്യം നൽകിയിരിക്കുന്നു. അതുകൊണ്ട് നമ്മിലർപ്പിതമായ ഉത്തരവാദിത്തങ്ങൾ ആത്മാർത്ഥമായും ചെയ്തുതീർക്കുകയും, പൂർണ്ണമായ അനുസരണം പുലർത്തണമെന്നും ഖാദിമീങ്ങളെ ഉണർത്തുകയുണ്ടായി. ഖാദമീങ്ങളാണ് സമൂഹത്തെ ഉദ്ധരിക്കേണ്ടവരെന്നും അദ്ദേഹം തന്റെ ഉപദേശപ്രസംഗത്തിൽ പ്രത്യേകം എടുത്തുപറഞ്ഞു.

തുടർന്ന് സംസാരിച്ച മേഖലാ ഖാഇദ് ശഫി അഹ്മദ് സാഹിബ് ഖിലാഫത്ത് ജൂബി അതിന്റെ പടിവാതിൽക്കൽ എത്തിനിൽക്കുകയായതിനാൽ ഭാരിച്ച ഉത്തരവാദിത്തമാണ് നമ്മിലർപ്പിതമായിട്ടുള്ളതെന്നും അതുകൊണ്ട് ഓരോ ഭാരവാഹിയും ഓരോ ഖുദ്ദാം അംഗവും തങ്ങളാൽ കഴിയുന്നത്ര പ്രവർത്തിക്കുകയും, ദുആ ചെയ്യുകയും വേണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ജമാഅത്തുമായി സഹരിക്കാത്തവരെ, പരിപാടികളിൽ പങ്കെടുക്കാത്തവരെ, വളരെ സ്നേഹത്തോടും, കരുണയോടും കൂടി ഉപദേശിക്കുകയും, വിളിക്കുകയും ചെയ്യുക. എങ്കിൽ മാത്രമേ അവരിൽ നിന്നും അനുകൂലമായ പ്രതികരണം ഉണ്ടാവുകയുള്ളൂ. മറിച്ച്, ദേഷ്യത്തോടും അഹങ്കാരത്തോടും അവരോട് പെരുമാറിയാൽ അവരിൽനിന്ന് പ്രതികൂല പ്രതികരണം ഉണ്ടാവുമെന്നും അദ്ദേഹം ഹുസൂർ തിരുമനസ്സിന്റെ ഖുത്ബയുടെ വെളിച്ചത്തിൽ ഉപദേശിക്കുകയുണ്ടായി.

# കോഴിക്കോട് മേഖല തബ്‌ലീഗ്

**കോഴിക്കോട്:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കോഴിക്കോട് മേഖലാ ഏകദിന തബ്‌ലീഗ് സംഘടിപ്പിച്ചു. 6.1.08 ഞായറാഴ്ച രാവിലെ 10 മണി മുതൽ വൈകുന്നേരം 7.30വരെ കോഴിക്കോട് മുഖദാറിൽ പുസ്തക തബ്‌ലീഗും തെരുവുയോഗവും നടക്കുകയുണ്ടായി. രാവിലെ 10 മണിമുതൽ 5 മണിവരെ തുടർന്നു. പിന്നീട് മുഖദാറിലെ പ്രശാന്തസുന്ദരമായ കടലോരത്തോട് ചേർന്ന ഒരു സ്ഥലത്ത് 6.45 മുതൽ 7.30 വരെ തെരുവുപ്രസംഗവും നടത്തുകയുണ്ടായി. വളരെ ആവേശകരമായ ഈ പരിപാടിയിൽ 8 ഗ്രൂപ്പുകളായി മുഖദാറിലെ 298 വീടുകളിൽ അഹ്മദിയ്യാ സന്ദേശം എത്തിക്കുവാൻ സാധിച്ചു. 40 ഖാദിമീങ്ങളും 2 അത്ഫാലുകളും 2 അൻസാർ സഹോദരന്മാരും പരിപാടിയിൽ പങ്കെടുത്തു. വൈകുന്നേരം തെരുവുപ്രസംഗം എം.പി. നൗഷാദ് സാഹിബിന്റെ ഖിറാഅത്തോടെ ആരംഭിച്ചു. എം. പി. അബ്ദുൽ ലത്തീഫ് സാഹിബ്, കോഴിക്കോട് ഖാഇദ് വി.പി. നസീർ ഹുസൈൻ സാഹിബ് എന്നിവർ പ്രസംഗിച്ചു. കോഴിക്കോട് ജില്ലാ ഖാഇദ് ബി.എം. ശൗക്കത്തലി സാഹിബ് അധ്യക്ഷം വഹിച്ചു. 7.30-ന് ദുആയോടുകൂടി പരിപാടി അവസാനിച്ചു.

# മണ്ണാർക്കാട് കവല പ്രസംഗം

**മണ്ണാർക്കാട്:** പ്രാദേശിക ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ 25.1.08-ന് തബ്‌ലീഗ് പ്രസംഗപരിപാടി സംഘടിപ്പിച്ചു. മേക്കളപ്പാറ, കണ്ടമംഗലം, അമ്പായക്കോട്, വേങ്ങ എന്നീ സ്ഥലങ്ങളിൽ മൗലവി പി. യൂസുഫ് സാഹിബ് പ്രസംഗിച്ചു. സി. സിറാജുൽ മുനീർ മൈത്രിഗാനം കേൾപ്പിച്ചു. എ.ക്യു. മുസ്‌ലിം സാഹിബ് നേതൃത്വം നൽകി.

# തർബിയ്യത്ത് ക്ലാസ്സ്




**പഴയങ്ങാടി:** പഴയങ്ങാടി ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ 13.1.08 ഞായറാഴ്ച മഗ്‌രിബ് നമസ്കാരാനന്തരം താഹിർ മസ്ജിദിൽ ഒരു തർബിയ്യത്ത് ക്ലാസ് സംഘടിപ്പിക്കുകയുണ്ടായി. യോഗത്തിൽ കബാബീർ (ഇസ്രായേൽ) ജമാഅത്ത് മുബല്ലിഗായ മൗലവി ശംസുദ്ദീൻ സാഹിബ് ക്ലാസ്സെടുക്കുകയുണ്ടായി. ഖിലാഫത്ത് ജൂബിലിയോടനുബന്ധിച്ചിട്ടുള്ള പ്രവർത്തനങ്ങളിൽ അറേബ്യൻ രാഷ്ട്രങ്ങൾ കാണിക്കുന്ന ശുഷ്കാന്തി നമ്മൾ മാതൃകയാക്കേണ്ടുന്നതാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. വസിയ്യത്തിന്റെ കാര്യത്തിൽ ഓരോ വ്യക്തികളും ഖലീഫയുടെ നിർദ്ദേശങ്ങൾക്ക് ലബ്ബൈക്ക് പറഞ്ഞുകൊണ്ട്, ഖിലാഫത്ത് ജൂബിലിയോടനുബന്ധിച്ച് എല്ലാവരും വസിയ്യത്തിൽ അംഗമാകണമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. പ്രസ്തുത യോഗത്തിൽ കണ്ണൂർ മേഖല അമീർ ജനാബ് എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ് അധ്യക്ഷത വഹിച്ചു. യോഗത്തിൽ ഹസീനുറഹ്മാൻ ഖുർആൻ പാരായണം ചെയ്യുകയും, റഫീഖ് സാഹിബ് പദ്യം ചൊല്ലുകയും ചെയ്യുകയുണ്ടായി. പഴയങ്ങാടി പ്രാദേശിക മുബല്ലിഗ് മൗലവി ടി.എം. മുഹമ്മദ് സാഹിബ് സംസാരിക്കുകയുണ്ടായി.

# കവല പ്രഭാഷണങ്ങൾ

**മുറിയക്കണ്ണി:** മുജാഹിദ് പ്രസ്ഥാനത്തിന്റെ ഈറ്റില്ലമെന്ന് അറിയപ്പെടുന്ന പാലക്കാട് ജില്ലയിലെ എടത്തനാട്ടുകര പ്രദേശങ്ങളിൽ മുറിയക്കണ്ണി, മണ്ണാർക്കാട് ജമാഅത്തുകളുടെ ആഭിമുഖ്യത്തിൽ കവല പ്രഭാഷണങ്ങൾ നടക്കുകയുണ്ടായി. മൗലവി മുഹമ്മദ് യൂസുഫ് സാഹിബ്, മൗലവി ഹിദായത്തുല്ലാ സഖാഫി എന്നിവർ ഹാന്റ്മൈക്കുമായി കവലകളിൽ പ്രഭാഷണങ്ങൾ നടത്തി. മുസ്‌ലിംകളുടെ ശോചനീയാവസ്ഥക്കും ഭിന്നിപ്പിനുമുള്ള പരിഹാര മാർഗ്ഗം ഈ കാലത്ത് അല്ലാഹു നിയോഗിച്ച വാഗ്ദത്ത മസീഹിൽ വിശ്വസിക്കുകയും ഖിലാഫത്താകുന്ന ആത്മീയ സംവിധാനത്തിൻകീഴിൽ വരികയും ചെയ്യുക എന്നത് മാത്രമാണെന്നും പ്രാസംഗികർ ഊന്നിപ്പറഞ്ഞു.

ഇരുജമാഅത്തുകളിലേയും അൻസാർ, ഖുദ്ദാം, അത്ഫാൽ സഹോദരങ്ങൾ പങ്കെടുത്തു. ഇതോടനുബന്ധിച്ച് നൂറുകണക്കിന് നോട്ടീസുകൾ വിതരണം ചെയ്യുകയുണ്ടായി.

# തബ്‌ലീഗ്

**മുറിയക്കണ്ണി:** ഖുദ്ദാമുൽ അഹ്മദിയ്യാ, മുറിയക്കണ്ണി, മണ്ണാർക്കാട് മജ്‌ലിസുകളുടെ സംയുക്താഭിമുഖ്യത്തിൽ മണ്ണാർക്കാട് കൊടുവാളിക്കുണ്ട്, ഇർഷാദ് സ്കൂൾ ജംഗ്ഷൻ എന്നിവിടങ്ങളിൽ തബ്‌ലീഗ് നടത്തി. ഇതര മതവിഭാഗങ്ങളിൽ നിന്നും അഹ്മദികൾക്കുള്ള പ്രത്യേകതകളെക്കുറിച്ചും അഹ്മദിയ്യാ ഖിലാഫത്തിന്റെ നൂറാം വാർഷികത്തെക്കുറിച്ചും മൗലവി പി. യൂസഫ് സാഹിബ് സംസാരിക്കുകയുണ്ടായി. ഖാഇദുമാരായ ടി. നൂറുദ്ദീൻ, മുറിയക്കണ്ണി, മുസഫർ, മണ്ണാർക്കാട് എന്നിവർ നേതൃത്വം നൽകി.

# അൽഹഖ് ക്യാമ്പയിൻ

കേരളത്തിലെ വിവിധ മജ്‌ലിസുകളിൽ നടന്ന അൽഹഖ് പ്രചരണദിനം വലിയ വിജയമായി മാറി. ഓരോ അഹ്മദീഗൃഹത്തിലും ഒരു അൽ ഹഖ് എത്തിക്കുക എന്ന ദൗത്യവുമായി നടത്തിയ ക്യാമ്പയിൻ ഫെബ്രുവരി 6-നായിരുന്നു സംഘടിപ്പിച്ചത്. കേരളത്തിലെ മിക്കവാറും എല്ലാ മജ്‌ലിസുകളും ഈ പരിപാടിയിൽ സജീവമായി പങ്കെടുക്കുകയും യുവജനങ്ങളുടെ ജിഹയെ പ്രചരിപ്പിക്കുകയും ചെയ്തു.

# പ്രതിജ്ഞകൾ നിറവേറ്റുക

## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹ്)

*(ഖുദ്ദാം- അത്ഫാൽ 2007 വാർഷിക ഇജ്തിമാക്ക് ഖലീഫത്തുൽ മസീഹ് നൽകിയ സന്ദേശം)*

പ്രിയപ്പെട്ട ഖുദ്ദാം-അത്ഫാൽ സഹോദരങ്ങളെ,

അസ്സലാമു അലയ്ക്കും വറഹ്മത്തുല്ലാഹി വബറക്കാത്തുഹു.

ഖുദ്ദാം അത്ഫാൽ വാർഷിക ഇജ്തിമാക്ക് ഒരു സന്ദേശം നല്കാൻ സദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് എന്നോട് അപേക്ഷിച്ചിരുന്നു. എന്റെ സന്ദേശം നിങ്ങൾ നിങ്ങളുടെ പ്രതിജ്ഞകളെ പ്രായോഗികവൽക്കരിക്കുകയെന്നതാണ്. സത്യവിശ്വാസിയുടെ പ്രതിജ്ഞയെന്നത് പാലിക്കുവാൻ ബാധ്യപ്പെട്ടതാണ്. ലോകമാസകലമുള്ള ഖുദ്ദാം-അത്ഫാൽ യോഗങ്ങളിൽ പ്രതിജ്ഞകൾ എപ്പോഴും ചൊല്ലിക്കൊണ്ടിരിക്കണം. ഓരോ യോഗങ്ങളിലും നിന്നുകൊണ്ട് നിങ്ങൾ എല്ലാ സൽക്കർമ്മങ്ങളിലും സ്ഥിരചിത്തരായിരിക്കുമെന്ന് പ്രതിജ്ഞ ചെയ്യാറുണ്ട്. നിങ്ങൾ നിങ്ങളുടെ ജീവനേയും ധനത്തേയും സമയത്തേയും മാനത്തേയും ത്യാഗം ചെയ്യുമെന്ന് ഏറ്റുപറയുന്നു. ഇത് സാധാരണമായ ഒരു പ്രതിജ്ഞയല്ല. ഈ പ്രതിജ്ഞ നിങ്ങളുടെ ഓരോ ചലനത്തിലും പ്രതിഫലിക്കേണ്ടതുണ്ട്. ഈ പ്രായത്തിൽ നിങ്ങൾ ശക്തരാണ്, ആരോഗ്യം ചെയ്യപ്പെട്ടതാണ്, ചിന്തകളും വികാരങ്ങളും വളരെ ഉയർന്നതാണ്. അതിനാൽ നിങ്ങളുടെ കഴിവുകളെ ഏറ്റവും നന്നായി ഉപയോഗിക്കുക. നന്മകളിലും സൽപ്രവൃത്തികളിലും പരസ്പരം മത്സരിച്ച് മുന്നേറുക. ലഭിക്കുന്ന സമയങ്ങൾ പാഴാക്കാതെ ജമാഅത്തിന്റെ പ്രവർത്തനത്തിന് വിനിയോഗിക്കുക. കഴിവുള്ളവർ സാമ്പത്തിക ത്യാഗത്തിലും മുന്നേറുക. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു, "ഇസ്‌ലാമിന്റെ പുനരുജ്ജീവനത്തിനായി ഒരു ത്യാഗം നമ്മോട് ആവശ്യപ്പെടുന്നുണ്ട്. എന്താണത്? അത് ഒരു തരത്തിലുള്ള മരണം തന്നെയാണ്. ഈ മരണമാണ് ഇസ്‌ലാമിന്റെയും മുസ്‌ലിം സമുദായത്തിന്റെയും പുനരുജ്ജീവനത്തിനും ജീവനുള്ള ദൈവത്തെ ലോകത്ത് കാട്ടിക്കൊടുക്കാനും ആവശ്യമായിരിക്കുന്നത്. ഈ മരണം നിങ്ങളിൽനിന്നും ആവശ്യപ്പെടാനാണ് ദൈവം എന്നെ അയച്ചിരിക്കുന്നത്." അതിനാൽ, കാലത്തിന്റെ ഇമാമിന്റെ വാക്കുകൾക്ക് നിങ്ങൾ ചെവി കൊടുക്കുക. ജമാഅത്തിലെ ഭാരവാഹികളേയും ഉദ്യോഗസ്ഥരേയും അനുസരിക്കുക. അനുസരണത്തെക്കുറിച്ച് ഖുർആനും ഹദീസും വളരെ ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഹദ്റത്ത് അഹ്മദ്(അ) പറയുന്നു, "സ്നേഹത്തിന്റെയും ഭയത്തിന്റെയും ബഹുമാനത്തിന്റെയും വേരുകൾ പരസ്പരധാരണയിൽ അധിഷ്ഠിതമാണ്. നിർഭയത്വത്തിൽനിന്നുമുടലെടുക്കുന്ന തിന്മയിൽനിന്നും മോചിതരാകുന്നതിന് പരസ്പരസ്നേഹത്തോടും ബഹുമാനത്തോടുംകൂടി വർത്തിക്കേണ്ടതാണ്. ഇസ്‌ലാം എന്നത് അർപ്പണം എന്നാണ്. ദൈവത്തിലേക്കുള്ള സ്വയം അർപ്പണമാണത്. ഇസ്‌ലാം എന്ന വാക്ക് യഥാർത്ഥമായ ത്യാഗത്തിന്റേയും പരസ്പര ബഹുമാനത്തിന്റേയും പവിത്രമായ സ്നേഹത്തിന്റേയും പര്യായമാണ്."

അതിനാൽ, നിങ്ങൾ ചെയ്യുന്ന പ്രതിജ്ഞകളെ ബഹുമാനിക്കുകയും നിറവേറ്റുകയും ചെയ്യുക. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് നിങ്ങൾ നല്കിയ എല്ലാ പ്രതിജ്ഞകളേയും വാഗ്ദാനങ്ങളേയും നിറവേറ്റുവാൻ അല്ലാഹു സഹായക്കുമാറാകട്ടെ. ഇസ്‌ലാമിന്റെ പരിശുദ്ധമായ അധ്യാപനങ്ങൾ ജീവിതത്തിൽ പകർത്തുന്നതിന് തൗഫീഖ് നല്കുമാറാകട്ടെ, ആത്മീയമായ ഉന്നതി പ്രാപിക്കുന്നതിനും നിങ്ങളുടെ ജീവിതം സ്വർഗ്ഗതുല്യമാക്കുവാനും അല്ലാഹു സഹായിക്കുമാറാകട്ടെ. ആമീൻ.

വസ്സലാം,

മിർസാ മസ്റൂർ അഹ്മദ്

ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹ്)

# താഹിർ ഹോമിയോ ക്ലിനിക്



**മാത്തോട്ടം:** സൃഷ്ടിസേവനരംഗത്ത് പുതിയൊരു തുടക്കം കുറിച്ചുകൊണ്ട് മാത്തോട്ടം മിഷൻഹൗസിൽ താഹിർ ക്ലിനിക് എന്ന പേരിൽ ഒരു സൗജന്യക്ലിനിക് ആരംഭിച്ചു. മാത്തോട്ടം ഖാഇദിന്റെയും സഹപ്രവർത്തകരുടെയും പരിശ്രമഫലമായി ആരംഭിച്ച ക്ലിനിക്ക് നോർത്ത് ഇലാഖ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ജൂബിലി വർഷ പരിപാടികളുടെ രജതരേഖയാണ്.

6.1.08 ഞായറാഴ്ച നടന്ന ഉദ്ഘാടനച്ചടങ്ങിൽ കോഴിക്കോട് മേഖലാ അഹ്മദിയ്യാ ജമാഅത്ത് അമീർ എം.എ. മുഹമ്മദ് സാഹിബ് ആധ്യക്ഷം വഹിച്ചു. തന്റെ അധ്യക്ഷപ്രസംഗത്തിൽ നാലാം ഖലീഫ(റ)യുടെ ഹോമിയോ പ്രതിപത്തിയെക്കുറിച്ച് വിവരിക്കുകയുണ്ടായി. ക്ലിനിക്കിന്റെ ഔപചാരിക ഉദ്ഘാടനം നിർവ്വഹിച്ചത് ബേപ്പൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി കെ. ശൈലജയാണ്. അഹ്മദിയ്യാ യുവാക്കളുടെ സേവനസന്നദ്ധതയെ ശ്ലാഘിച്ച അവർ ഇത്തരം സംരംഭങ്ങൾ സമൂഹത്തിനാകെയും മാതൃകയാണെന്ന് പറഞ്ഞു. തുടർന്ന് പഞ്ചായത്ത് വൈസ്പ്രസിഡണ്ട് അബ്ദുർ അസീസ് സാഹിബ്, വാർഡുമെമ്പർമാരായ റംല, നാരായണി, കോഴിക്കോട് മജ്‌ലിസ് അൻസാറുല്ലാ സയീം ഏ.എം. സലിം സാഹിബ്, മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ നാഇബ് സദർ ഡോ. സലാഹുദ്ദീൻ സാഹിബ് തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. പരിപാടിയിൽ മൗലവി ജംഷാദ് സാഹിബ് തിലാവത്ത് നിർവ്വഹിച്ചു. മാത്തോട്ടം ഖാഇദ് ബി.എം. ഷൗക്കത്തലി സാഹിബ് സ്വാഗതവും, എം. ജലീൽ അഹ്മദ് സാഹിബ് നന്ദിയും പറഞ്ഞു. മാത്തോട്ടം ഹോമിയോ ക്ലിനിക്കിൽ സേവനം അനുഷ്ഠിക്കുവാൻ സന്നദ്ധയായത് കോഴിക്കോട് മജ്‌ലിസിലെ ഡോ. റഹ്നാ ഹാരിസ് ആണ്. ഇവരുടെ സ്തുത്യർഹമായ കർത്തവ്യം ദീനിസേവനത്തിന്റെ ഉദാത്ത മാതൃകതന്നെയാണ്.



# ഖുദ്ദാം, അത്ഫാൽ കോഴിക്കോട്, മാത്തോട്ടം സംയുക്ത ഇജ്തിമ 2008

കോഴിക്കോട്: 13.1.08-ന് ഞായറാഴ്ച കോഴിക്കോട്, മാത്തോട്ടം ഖുദ്ദാം, അത്ഫാൽ സംയുക്ത ഇജ്തിമ ബയ്ത്തുൽ ഖുദ്ദൂസിൽവച്ച് നടത്തപ്പെടുകയുണ്ടായി.

കൃത്യം 9.45-ന് കോഴിക്കോട് നാഇബ് അമീർ സാഹിബിന്റെ അധ്യക്ഷതയിൽ ആരംഭിച്ച ഉദ്ഘാടന പരിപാടിയിൽ ബഹുമാന്യരായ നാസിർ ഇസ്‌ലാഹൊ ഇർഷാദ് മൗലാനാ മുഹമ്മദ് ഉമർ സാഹിബ് (ഖാദിയാൻ) ഇജ്തിമായുടെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ഉദ്ഘാടനസംഗത്തിൽ 'ഖിലാഫത്ത് ജൂബിലിയും, നമ്മുടെ പങ്കും' എന്ന വിഷയത്തെ സംക്ഷിപ്തമായി പ്രതിപാദിക്കുകയുണ്ടായി. 2008 അഹ്മദികളെ സംബന്ധിച്ച് വളരെ അനുഗ്രഹീത വർഷമാണ്. നാമിന്ന് അതിന്റെ നൂറാം വാർഷികം ആഘോഷിക്കാൻ പോകുകയാണെന്നും അദ്ദേഹം പറഞ്ഞു. ഖിലാഫത്തിന്റെ നൂറാം വാർഷികം ആഘോഷിക്കുകയെന്നത് നമ്മുടെ ജീവിതത്തിലെ വലിയ ഭാഗ്യമാണ്. അവസാനമായി ഖലീഫത്തുൽ മസീഹ് സാനി(റ) ആഫ്രിക്ക സന്ദർശിച്ചപ്പോൾ അവിടെ നടന്ന റാലിയിൽ അവർ പാടിയ വരികൾ ഹുസൂറിനെ വല്ലാതെ ആകർഷിച്ചു. അതിന്റെ അർത്ഥം ഇപ്രകാരമാണ്. അല്ലാഹു പറയുന്നു. ഞാൻ നിങ്ങൾക്ക് നൽകിയ പണം നിങ്ങൾ എനിക്ക് കടം നൽകുക. പകരം ഞാൻ നിങ്ങൾക്ക് സ്വർഗ്ഗം നൽകുന്നതാണെന്ന് വാഗ്ദാനം ചെയ്യുന്നു. ഇതിലടങ്ങിയ പൊരുൾ നാം മനസ്സിലാക്കി വസിയ്യത്ത് പദ്ധതിയിൽ അംഗങ്ങളാവണമെന്ന് ഒരിക്കൽകൂടി അദ്ദേഹം അപേക്ഷിച്ചു.

ഖുദ്ദാമുൽ അഹ്മദിയ്യാ അഖിലേന്ത്യാ നാഇബ് സദർ ഡോ. സലാഹുദ്ദീൻ സാഹിബ്. മേഖലാ അൻസാറുല്ലാഹ് സഇൗം എസ്. മുഹമ്മദ് സലീം സാഹിബ്

കോഴിക്കോട് അൻസാറുല്ലാഹ് സഇൗം എ.എം. മുഹമ്മദ് സലീം സാഹിബ് എന്നിവർ ആശംസകളർപ്പിച്ചു. കോഴിക്കോട് ഖാഇദ് നസീർ ഹുസൈൻ സാഹിബ് സ്വാഗതപ്രസംഗം നടത്തി. പ്രസ്തുത പരിപാടിയിൽ 88 ഖാദിമീങ്ങളും, 55 അത്ഫാലുകളും പങ്കെടുത്തു. 10.40-ന് നാസിർ ഇസ്‌ലാഹൊ ഇർഷാദ് മൗലാനാ മുഹമ്മദ് ഉമർ സാഹിബിന്റെ നേതൃത്വത്തിൽ നടന്ന പ്രാർത്ഥനയോടെ ഉദ്ഘാടന സെഷൻ അവസാനിച്ചു. തുടർന്ന് മത്സരപരിപാടികൾ ആരംഭിച്ചു.

# ഒരു വേനലവധിക്കാലത്തിന്റെ ഓർമ്മ

*വസീം അഹ്മദ്, കാവശ്ശേരി*

അതൊരു വേനലവധിക്കാലമായിരുന്നു. എന്റെ പരീക്ഷാഫലം അറിയാൻ ഞാൻ സ്കൂളിലെത്തി. ജയിച്ചവരുടെ പട്ടികയിൽ എന്റെ പേരും കണ്ടു. സന്തോഷത്തോടെ ഞാൻ 8-ാം തരത്തിലേക്ക് ജയിച്ച വിവരം ഉമ്മയെ അറിയിക്കാൻ വീട്ടിലെത്തി. എല്ലാവർക്കും സന്തോഷം. ആ അവസരത്തിൽ യാദൃശ്ചികമായി ഒരവസരം എന്നെത്തേടിയെത്തി. ഒരുമാസം കേരളത്തിന്റെ അയൽസംസ്ഥാനമായ കർണാടകയിൽ പോയി താമസിക്കാനുള്ള അവസരം. ഒരു വിനോദയാത്രയിലുപരി അതൊരു പഠനയാത്രയായിരുന്നു.

കർണാടകയിലെ ഗോൾഗിരി എന്നറിയപ്പെടുന്ന ഒരു ഗ്രാമം. അവിടെ അവധികാലത്ത് കുട്ടികളെ അറബിയും ഖുർആനിക പാഠങ്ങളും പഠിപ്പിക്കുന്നു. സന്തോഷത്തോടെയാണ് ഞാൻ അവിടെ എത്തിച്ചേർന്നത്. അവിടെ എത്തിയപ്പോഴാണ് കേരളത്തിൽ നിന്നും ഞാൻ മാത്രമേ പങ്കെടുക്കുന്നുള്ളൂ എന്ന് അറിഞ്ഞത്. അതുകൊണ്ടുതന്നെ ഭാഷ ഒരു വലിയ പ്രശ്നമായി. അവിടുത്തെകുട്ടികൾ മിക്കവരും കന്നട സംസാരിക്കുന്നവരായിരുന്നു. ഉർദു സംസാരിക്കുന്നവരും ഉണ്ടായിരുന്നു. അവിടെ എനിക്ക് അനേകം കൂട്ടുകാരെ കണ്ടുമുട്ടാൻ കഴിഞ്ഞു. പക്ഷേ, ആശയവിനിമയം ആംഗ്യഭാഷയിലൂടെയായിരുന്നു എന്നുമാത്രം. അതിനിടയിൽ ഞാൻ അവിടെ ഒരു മലയാളിയായ ഉസ്താദിനെ കണ്ടുമുട്ടി.

ആ ഉസ്താദിനുനേരെ ഞാൻ ആകാംക്ഷയോടെ നോക്കി. അദ്ദേഹത്തിന് പ്രായമായിരുന്നു. എന്റെ ദയനീയാവസ്ഥ കണ്ട് അദ്ദേഹം എന്നെ അരികിൽ വിളിച്ചു. പ്രശ്നങ്ങൾ ചോദിച്ചറിഞ്ഞു. പിന്നീട് ഭാഷയുടെ പ്രശ്നം ഞാൻ അദ്ദേഹത്തിലൂടെ നികത്തി. അദ്ദേഹം എനിക്കൊരു കൂട്ടുകാരനെ പോലെയായിരുന്നു.

ഒരു ദിവസം എന്റെ പേഴ്സ് എനിക്ക് നഷ്ടപ്പെട്ടു. വീട്ടിൽ നിന്നും ചിലവിനായി തന്ന പൈസ മുഴുവനും അതിലായിരുന്നു. സത്യത്തിൽ അത് അവിടെ ആരുടെയോ കൈയിൽ കിട്ടിയിരുന്നു. പക്ഷേ, 'എന്റെ പേഴ്സ് കണ്ടോ?' എന്ന് ചോദിക്കാനുള്ള കന്നട എനിക്കറിയില്ലായിരുന്നു. ആ നിമിഷം ഞാൻ തളർന്നുപോയി. അവിടെ എന്റെ ഉസ്താദെത്തി. കാര്യമന്വേഷിച്ചു. എനിക്ക് പേഴ്സ് തിരിച്ചുകിട്ടുകയും ചെയ്തു.

എന്റെ കൂട്ടുകാരോടും മറ്റുള്ളവരോടും ഇടപഴകാനുള്ള അത്യാവശ്യം ചില വാക്കുകളെല്ലാം അദ്ദേഹം പഠിപ്പിച്ചുതന്നു. കളിയും ചിരിയും പഠിത്തവുമെല്ലാമായി ഒരുമാസം കടന്നുപോയി. വീട്ടുകാരെ ഇടയ്ക്ക് ഫോൺ ചെയ്തിരുന്നു. അപ്പോഴൊക്കെ എന്റെ ഉസ്താദിനെപ്പറ്റി ഉമ്മയോട് സംസാരിച്ചു. ചില ദിവസങ്ങളിൽ ഞാൻ അദ്ദേഹത്തിന്റെ കൂടെയാണ് രാത്രി ഉറങ്ങിയിരുന്നത്. അന്നൊക്കെ എനിക്കദ്ദേഹം കഥകൾ പറഞ്ഞുതരുമായിരുന്നു.

ഒടുവിൽ ഞങ്ങൾക്ക് തിരിക്കേണ്ട സമയമായി. അവിടെ കൂട്ടുകാരെ പിരിയുമ്പോൾ എനിക്ക് വളരെയധികം വിഷമം ഉണ്ടായിരുന്നു. അതിലുപരി എന്റെ ഹൃദയം പിടഞ്ഞത് എന്റെ ഉസ്താദിനോട് യാത്ര ചോദിച്ചപ്പോഴാണ്. കണ്ണുനീർ തടയാൻ ഞാൻ ഏറെ പാടുപെട്ടു. അടുത്തവർഷവും വരാം എന്ന് പറഞ്ഞ് അവിടെ നിന്നും പടിയിറങ്ങി.

വീട്ടിൽ തിരിച്ചെത്തിയ എന്നെ എന്റെ വീട്ടുകാർ ഹാർദ്ദമായി സ്വീകരിച്ചു. പിന്നീട് കുറേ നാളത്തേയ്ക്ക് അവിടത്തെ വിശേഷങ്ങൾ ഞാൻ പറഞ്ഞുനടന്നു. പതിയെപ്പതിയെ വീടുമായി ഞാൻ വീണ്ടും ഇണങ്ങിച്ചേർന്നു. അങ്ങനെ ഒരു വർഷം പിന്നിട്ടു. എനിക്ക് വീണ്ടും വേനലവധിക്കാലം വന്നെത്തി. പക്ഷേ, ചില കാരണങ്ങളാൽ ഇത്തവണ കർണ്ണാടകയിലേക്ക് പോകാൻ കഴിഞ്ഞില്ല. അതുകൊണ്ട് ആ അവധിക്കാലം ഞാൻ നാട്ടിൽ ചില വഴിച്ചു.

(ശേഷം 4-ാം പേജിൽ)

അൽ ഹഖ്
AHMADIYYA NEWS BULLETTIN
ജനുവരി 2008 ദുൽഖഅദ്-ദുൽഹജ്

# ഇന്തോനേഷ്യൻ സർക്കാരിന് വഴിതെറ്റരുത്

അഹ്മദികൾക്കെതിരെ തുറക്കപ്പെട്ട ഏറ്റവും പുതിയ യുദ്ധമുഖമാണ് ഇന്തോനേഷ്യ. ഇന്തോനേഷ്യയുടെ രാഷ്ട്രീയവും സാമ്പത്തികവുമായ ചട്ടക്കൂടിന് പൊതുവെ ഉദാരവല്ക്കരിക്കപ്പെട്ട മുഖമാണ്. എന്നാൽ, അഹ്മദി വിരോധം വരുമ്പോൾ ഈ മൃദുത്വം കാണുന്നില്ല അവിടെ. ഇന്തോനേഷ്യൻ മത-സാമൂഹിക മേഖലകളിലെ വിവിധ സംഘടനകൾ യോജിക്കുന്നത് അപൂർവ്വമായാണ്. ഇതും അഹ്മദിയ്യാ വിരോധത്തിന്റെ കാര്യത്തിൽ സംഭവിക്കുന്നു. ചുരുക്കത്തിൽ പാക്കിസ്ഥാനിലെന്നപോലെ ഒരുതരം രാഷ്ട്രീയം സൃഷ്ടിക്കാനുള്ള ഉപാധിയാവുകയാണ് അഹ്മദിയ്യത്ത്.

കഴിഞ്ഞ ഒരുമാസമായി കടുത്ത സമ്മർദ്ദത്തിലാണ് ഇന്തോനേഷ്യൻ ഗവർമ്മെന്റ്. തങ്ങളുടെ സകലശേഷിയും ഉപയോഗിച്ച് അഹ്മദിയ്യാ നിരോധനം ഏർപ്പെടുത്താനാണ് ഇതര മുസ്ലിം സംഘടനകളുടെ ശ്രമം. ഈ വിഭാഗം മുസ്ലിംകളെ നയിക്കുന്നത് പരിതാപകരമായ ചുറ്റുപാടുകളുടെ സൃഷ്ടികളത്രെ. ഇക്കൂട്ടത്തിൽ ഇന്തോനേഷ്യൻ മുജാഹിദിൻ കൗൺസിൽ (MMI) ചെയർമാൻ അബൂബക്കർ ബാസ്യർ കടുത്ത ഭാഷയിലാണ് ഗവർമ്മെന്റിനെ കുറ്റപ്പെടുത്തിയത്. ഇന്തോനേഷ്യയിലെ ഉലമാ കൗൺസിൽ പുറത്തിറക്കിയ ഫത്വയനുസരിച്ച് അഹ്മദികൾ മുസ്ലിംകളാകുന്നില്ല. ഇസ്ലാമിക കമ്മ്യൂണിറ്റിഫോറം എന്ന സംഘടന മൂന്നുമാസത്തെ അഹ്മദി വിരുദ്ധ പ്രചരണവും സംഘടിപ്പിച്ചിട്ടുണ്ട്. പ്രചരണത്തിന്റെ ഔദ്യോഗിക അവതരണം അഹ്മദികൾക്കെതിരെയുള്ള അക്രമമായാണ് പരിണമിക്കുക. ഇസ്ലാമിക പ്രതിരോധസേന എന്ന മറ്റൊരു സംഘടനയെ നയിക്കുന്ന ഉലമാക്കൾ രാജ്യത്തുടനീളം അഹ്മദിയ്യത്തിന്നെതിരായി പ്രാർത്ഥനാ സഭകൾ സംഘടിപ്പിക്കുന്നു. എന്താണിവർ പ്രാർത്ഥിക്കുക? ദൈവത്തിന്റെ മാർഗ്ഗം വേണ്ടെന്നോ?

ചുരുക്കത്തിൽ കടുത്ത സമ്മർദ്ദത്തിലാണ് ഇന്തോനേഷ്യൻ സർക്കാർ. ലോകത്തിലെ ഏറ്റവും വലിയ മുസ്ലിം രാജ്യം സമ്മർദ്ദങ്ങളെ എങ്ങനെ അതിജീവിക്കുമെന്നത് പ്രസക്തമാണ്. മേൽപറഞ്ഞിട്ടുള്ള സംഘടനകളൊക്കെയും ആഴത്തിൽ വേരുകളുള്ളവയല്ല. മറിച്ച്, തൊലിപ്പുറത്തെ ജനവികാരത്തെ ഉണർത്തുന്നവരാണ്. ഇത്തരക്കാരാണ് യഥാർത്ഥ ഭീഷണി. ജനതയുടെ ഭൗതികമോ ആത്മീയമോ ആയ ഒരു പുരോഗതിയും ഈ ഉലമാക്കളുടെ വിഷയമാകുന്നില്ല. ഇക്കാര്യം പാക്കിസ്ഥാനിലും, ബംഗ്ലാദേശിലുമൊക്കെ അങ്ങനെത്തന്നെയാണ്. ഇവിടങ്ങളിലൊക്കെയും ജനങ്ങൾ ആർജ്ജിക്കേണ്ടത് ഒരിത്തിരി വിവേകമാണ്. ജനങ്ങളുടെ വിവേകരാഹിത്യം ഗവർമ്മെന്റിനും പകരുമ്പോഴാണ് പ്രശ്നം രൂക്ഷമാകുന്നത്.

ഇക്കഴിഞ്ഞ വാരത്തിലെ ഖുത്ബയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ തലവൻ ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹ്) സുദൃഢമായ രീതിയിൽ ചിലത് പറഞ്ഞിട്ടുണ്ട്. മുല്ലാക്കളുടെ സമ്മർദ്ദത്തിന് വഴങ്ങി അഹ്മദിയ്യത്തിനുമേൽ നിയന്ത്രണമേർപ്പെടുത്തുമ്പോൾ അഹ്മദിയ്യത്തിന് മേൽക്കുമേൽ അഭിവൃദ്ധിയാണുണ്ടാവുക എന്നദ്ദേഹം ഇന്തോനേഷ്യൻ ഗവർമ്മെന്റിനെ ഓർമ്മപ്പെടുത്തി. ജമാഅത്തിന്റെ ഇന്നേവരെയുള്ള ചരിത്രത്തെ സാക്ഷ്യപ്പെടുത്തി ഹുസൂർ പറഞ്ഞത് ദൈവനിയുക്തം തന്റെ വാക്കുകളാണ്. വളരാനും സർവ്വഥാ പടരാനുമുള്ള ഈ പ്രസ്ഥാനത്തെ ആരാണ് വെല്ലുവിളിക്കുന്നത്? വിവേചനശക്തി ഇന്തോനേഷ്യൻ സർക്കാർ ഉപയോഗിക്കുകയാണെങ്കിൽ എത്ര നന്നായിരിക്കും.

# ദൈവം തിരഞ്ഞെടുക്കുന്ന ഖലീഫ

*അബു അയ്മൻ* (തുടർച്ച)

അല്ലാഹുവിന്റെ മിക്ക വാഗ്ദാനങ്ങളിലും പ്രവചനങ്ങളിലും ചില ഉപാധികൾ ഉള്ളതായി നമുക്ക് കാണാൻ സാധിക്കും. അത് പൂർത്തീകരിക്കേണ്ടത് മനുഷ്യരുടെ കടമയാണ്. ഉപാധികൾ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ തീർച്ചയായും മനുഷ്യരുടെ ശ്രമങ്ങൾ പൂവണിയിക്കപ്പെട്ടുകൊണ്ട് ദൈവം ആ വാഗ്ദാനം പൂർത്തിയാക്കുന്നു. അതുതന്നെയാണ് ഇന്നുവരെയുള്ള ചരിത്രം തെളിയിച്ചതും. സുറാഖാ ബിൻ മാലിക്കിനോട് 'കിസ്രയുടെ വളകൾ നിന്റെ കൈയിൽ അണിയിക്കപ്പെടും' എന്ന നബികരീം (സ) ചെയ്ത അതിമഹത്തായ പ്രവചനം പുരുഷന്മാർക്ക് സ്വർണ്ണം അണിയുന്നത് നിഷിദ്ധമാണെന്ന വസ്തുതക്കുമേൽ ഹദ്റത്ത് ഉമർ(റ) അത് സുറാഖയെ അണിയിക്കുന്നതിൽനിന്ന് പിന്മാറിയിരുന്നെങ്കിൽ ആ മഹത്തായ പ്രവചനം പൂർത്തിയാകുമായിരുന്നില്ല. ഇവിടെ പ്രവചനം പൂർത്തിയായി എന്നതിനു തന്നെയാണ് പ്രസക്തി. എങ്ങനെ പൂർത്തിയായി എന്നതിനല്ല. യുദ്ധത്തിനു മുന്നേതന്നെ വ്യക്തമായ വിജയത്തിന്റെ വാഗ്ദാനം സത്യവിശ്വാസികൾക്കുണ്ടായിരുന്നു. അത് കണക്കിലെടുത്ത് സഹാബാക്കൾ യുദ്ധം ആസന്നമായപ്പോൾ വാൾ കൈയിലെടുക്കാതിരുന്നെങ്കിൽ വിജയം വരിക്കാൻ സാധിക്കുമായിരുന്നോ? പ്രവചനങ്ങളും വാഗ്ദാനങ്ങളും അല്ലാഹു പൂർത്തിയാക്കിക്കൊള്ളും എന്ന് കരുതി മിണ്ടാതിരിക്കാനല്ല മറിച്ച്, അവ പൂർത്തിയാകുവാൻ ബാഹ്യമായി തീവ്രപരിശ്രമം നമ്മുടെ ഭാഗത്തുനിന്നും നടത്തണം എന്നാണ് പ്രവാചകന്മാരുടെ മാതൃക നമുക്ക് മനസ്സിലാക്കിത്തരുന്നത്. സ്വപ്നം ദർശിക്കുകയാണെങ്കിൽതന്നെ അതിനെ ബാഹ്യമായി പൂർത്തിയാക്കാൻ ശ്രമിക്കണം എന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളിയിട്ടുണ്ട്. ഖലീഫയെ തിരഞ്ഞെടുക്കേണ്ട സമയത്ത് ദൈവംതന്നെ ഒരാളെ കാണിച്ചുതരട്ടെ എന്നു കരുതി സത്യവിശ്വാസികൾ മൗനമവലംബിക്കുകയായിരുന്നെങ്കിൽ അവർ ആ അനുഗ്രഹത്തിൽനിന്നും തഴയപ്പെട്ടേനേ. ബാഹ്യമായ ഉപാധികൾ മുഖേന അവർ ഒരാളെ തിരഞ്ഞെടുക്കുന്നു. പക്ഷേ, ആ തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തി ദൈവം ഉദ്ദേശിച്ചയാൾ തന്നെയായിരുന്നു എന്ന സത്യത്തിന് പിന്നീട് വരുന്ന ഓരോ നിമിഷങ്ങളും സാക്ഷി പറയുന്നു.

ഹദീസിന്റെ വെളിച്ചത്തിലും ഈ കാലഘട്ടത്തിൽ തന്നെയാണ് ഖിലാഫത്ത് പുനഃസ്ഥാപിക്കപ്പെടൽ എന്നത് അനിഷേധ്യവും സുനിശ്ചിതവുമായ സംഗതിയാണ്. ഇസ്ലാമിൽ വരാനിരിക്കുന്ന ഖിലാഫത്തിനെക്കുറിച്ച് നബികരീം(സ) അരുളിയിട്ടുള്ള വചനത്തിൽ അവ രണ്ടു തവണയാണെന്നും രണ്ടും നുബുവ്വത്തിനെ പിന്തുടർന്നായിരിക്കും എന്നുള്ള വസ്തുത എത്ര സുന്ദരവും സവിസ്തരവുമായിട്ടാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. ഇതിനേക്കാൾ തുറന്നനിലയിൽ ഒരു പ്രസ്താവ്യം ഇനി ഏതുതരത്തിലാണ് സാധ്യമാകുക. മുസനദ് അഹ്മദ് ഹമ്പൽ വാല്യം നാല്, പേജ് 273 -ലും കൂടാതെ മിശ്കാത്തിലും രേഖപ്പെട്ടുകിടക്കുന്ന ഈ ഹദീസിന്റെ ആരംഭത്തിലും ഒടുക്കത്തിലും 'ഖിലാഫത്തും അലാമിൻഹാജിന്നുബുവ്വത്ത്' എന്ന ഒരേ പദം ആവർത്തിക്കപ്പെട്ടതിലൂടെ ഖിലാഫത്തിന്റെ മാത്രമല്ല വാഗ്ദത്ത മസീഹ്(അ)ന്റെ കൂടി സത്യത പകൽ വെളിച്ചം പോലെ ശോഭമയമാവുകയും ആ വിവരണം അക്ഷരംപ്രതി പുലർന്നതിലൂടെ നബിനായകർ(സ)യുടെ സത്യസാക്ഷ്യത്തിന്റെ പൊൻകിരീടത്തിൽ ഒരു തൂവൽകൂടി ചാർത്തപ്പെടുകയും ചെയ്തു. പോരാതെ ഈ പ്രവചനത്തിനു വീണ്ടും മകുടം ചാർത്തുന്ന മറ്റനേകം വിവരണങ്ങൾ കൂടി ഹദീസു ഗ്രന്ഥങ്ങളിൽ നമുക്ക് ദർശിക്കാൻ സാധിക്കും. പക്ഷേ, നമ്മുടെ എതിരാളികൾ നാം മുന്നോട്ട് വെക്കുന്ന ഹദീസുകൾ ദുർബലമാണെന്ന് പറഞ്ഞ് തള്ളിക്കളയുന്നു. അത്തരക്കാരോട് എന്തു മനോഹരമായ മറുചോദ്യമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) മുന്നോട്ടു വെച്ചിരിക്കുന്നത്. അവിടുന്നു ചോദിക്കുന്നു പ്രബലവും വ്യക്തവുമായ അടയാളങ്ങൾ ഉൾക്കൊള്ളുന്ന ആ ഹദീസുകളെ ദുർബല വിഭാഗത്തിൽ പെടുത്തിക്കൊണ്ട് ഹദീസ് പണ്ഡിതന്മാർക്ക് തെറ്റുപറ്റി എന്ന് പറയുന്നതാണോ ഉചിതം അല്ല ദുർബലവും വ്യാജവുമായിട്ടുള്ള ഹദീസുകളെ അപ്പടി പുലർത്തിക്കാട്ടിക്കൊണ്ട് (നഊദുബില്ല) അല്ലാഹുവിനു തെറ്റുപറ്റി എന്നു പറയുന്നതോ നമ്മുടെ എതിരാളികൾ തന്നെ തീരുമാനിക്കട്ടെ ആർക്കു തെറ്റിപറ്റിയെന്ന്.

# ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ കാണുക: മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ്




**കണ്ണൂർ:** ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ ലോകം കണ്ണുതുറന്ന് കാണേണ്ടതാണെന്ന് മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ് അഭിപ്രായപ്പെട്ടു. കണ്ണൂർ സിറ്റി ജമാഅത്തിന്റെ നേതൃത്വത്തിൽ കണ്ണൂർ സ്റ്റേഡിയം കോർണറിൽ നടന്ന ഖിലാഫത്ത് ജൂബിലി വിളംബര സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. അഹ്മദിയ്യത്തിനെ കെട്ടുകെട്ടിക്കാൻ ഒരുമ്പെട്ടിറങ്ങിയ ഒത്തിരിപ്പേരുണ്ടായിരുന്ന കണ്ണൂരിൽ അഹ്മദിയ്യത്തിന്റെ പ്രഖ്യാപിത ശത്രുക്കളുടെ അവസ്ഥ എന്താണെന്ന് മൗലവി സാഹിബ് ചോദിച്ചു. അഹ്മദിയ്യത്തിനെ തകർക്കുമെന്ന വകാശപ്പെട്ടവർക്ക് ചരിത്രത്തിൽ ഒരു സ്ഥാനവും നേടാൻ കഴഞ്ഞിട്ടില്ലായെന്നും, അഹ്മദിയ്യത്താകട്ടെ ലോകത്തിന്റെ കോണുകളോളം വ്യാപിച്ചുകഴിഞ്ഞിരിക്കുന്നുവെന്നും അദ്ദേഹം തുടർന്നുപറഞ്ഞു. യോഗത്തിൽ മൗലവി ശെരീഫ് സാഹിബും പ്രസംഗിച്ചു. മൗലവി ശഫീഖ് അഹ്മദ് സാഹിബ് ആധ്യക്ഷം വഹിച്ചു. രാഷ്ട്രീയ പ്രസംഗങ്ങൾ കേട്ട് തണുത്തുറഞ്ഞുപോയ കണ്ണൂരിലെ സ്റ്റേഡിയം കോർണറിനെ വികാരം കൊള്ളിച്ച മൗലവി ഇസ്മായിൽ സാഹിബിന്റെ പ്രസംഗം വൻജനാവലിയെ ആകർഷിച്ചു. ഖിലാഫത്തിന്റെ നൂറാം വാർഷിക ആഘോഷം കണ്ണൂർ ജനതയെ അറിയിക്കാൻ ഇതുപകരിച്ചു. കണ്ണൂർ മേഖലയിലെ എല്ലാ ജമാഅത്തുകളിൽനിന്നും അഹ്മദികൾ യോഗത്തിനെത്തിയിരുന്നു. എന്നാൽ, അനഹ്മദികളുടെ പങ്കാളിത്തം മുൻകാലങ്ങളെക്കാൾ വളരെ കൂടുതലായിരുന്നത് ശ്രദ്ധേയമായി.

*( 4-ാം പേജിൽ നിന്ന്)*

സ്കൂൾ തുറന്നു. ഞാൻ ഇപ്പോൾ ഒൻപതാംക്ലാസ്സിൽ പുതിയ പാഠങ്ങളുമായി മുന്നോട്ട് പോകുന്ന ഈ ദിവസങ്ങളിൽ ഒരു രാത്രി ഞാൻ എന്റെ പഴയ, കർണ്ണാടകയിലെ മലയാളിയായ ഉസ്താദിനെ സ്വപ്നം കണ്ടു. രാവിലെ ഞാനതിനെക്കുറിച്ച് ചിന്തിച്ചു. എന്തുകൊണ്ടാണ് ഞാൻ ഇത്രയും കാലം എന്റെ എല്ലാമായിരുന്ന അദ്ദേഹത്തെക്കുറിച്ച് ഓർക്കാതിരുന്നത്? അന്നും പതിവുപോലെ ഞാൻ സ്കൂളിലേക്ക് പോയി. വൈകുന്നേരം തിരിച്ചെത്തിയ ഞാൻ കേട്ട വാർത്ത ഞെട്ടിക്കുന്നതായിരുന്നു. അത് എന്റെ പ്രിയപ്പെട്ടവനായിരുന്ന, എന്റെ കൂട്ടുകാരനെ പോലെ ഞാൻകണ്ട, ജീവിതത്തിൽ വെറും ഒരുമാസം മാത്രം എനിക്ക് തുണയായിരുന്ന എന്നാൽ, ഒരു ജീവിതകാലം മുഴുവൻ ഓർക്കാനുള്ള ഓർമ്മകൾ എനിക്കു തന്ന ഉസ്താദിന്റെ മരണവാർത്തയായിരുന്നു. (ഇന്നാലില്ലാഹി വഇന്നാഇലയ്ഹി റാജിഊൻ) അദ്ദേഹത്തിന് ജന്നത്തുൽ ഫിർദൗസിൽ നല്ലൊരു സ്ഥാനം ഉണ്ടാകുമാറാകട്ടെ എന്ന ദുആയോടുകൂടി ഞാൻ ഇവിടെ അദ്ദേഹത്തിന്റെ പേര് വെളിപ്പെടുത്തട്ടെ. - *അബൂബക്കർ സിദ്ദീഖ് മൗലവി കൽക്കുളം.*

## പ്രാദേശിക ഇജ്തിമ

**അലനല്ലൂർ:** പ്രാദേശിക ഖുദ്ദാമുൽ അഹ്മദിയ്യാ അത്ഫാൽ ഇജ്തിമ ഖാഇദ് സി.എസ്. ഇല്യാസ് അഹ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ പ്രാദേശിക ജമാഅത്ത് തഅ്ലിം സെക്രട്ടറി സി. സിറാജുൽ മുനീർ ഉദ്ഘാടനം ചെയ്തു. നല്ല കാര്യങ്ങളിൽ മത്സരിച്ച് മുന്നേറാനുള്ള പ്രചോദനവും പ്രേരണയും നൽകാൻ ഇജ്തിമാക്ക് കഴിയണമെന്ന് അദ്ദേഹം പറഞ്ഞു. ആരംഭത്തിൽ എം. റിഷാദ് ഖുർആൻ പാരായണം നടത്തി. എം. മുനവ്വർ മലയാള പദ്യം ചൊല്ലി.

സമാപന പരിപാടിയിൽ മൗലവി കെ. ഖമറുദ്ദീൻ സാഹിബ് പ്രസംഗിച്ചു. ഭാവിയിൽ ജമാഅത്തിനെ നയിക്കാൻ പ്രാപ്തിയുള്ള ഒരുതലമുറ എല്ലാ രംഗത്തും വളർന്നുവരേണ്ടതുണ്ടെന്നും അതിനായി ഖാദിം അത്ഫാൽ സഹോദരങ്ങൾ വിദ്യാഭ്യാസ കാര്യങ്ങളിൽ ശ്രദ്ധിക്കേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു. മത്സരത്തിലെ വിജയികൾക്ക് പ്രാദേശിക ജമാഅത്ത് പ്രസിഡണ്ട് എം. അബ്ദുൽ ബശീർ സാഹിബ് സമ്മാനദാനം നിർവ്വഹിച്ചു.

*ചരിത്രപഥം*

# സാമൂഹിക ബഹിഷ്കരണത്തിന്റെ ഭീകരത

ഒടുവിൽ പഴയങ്ങാടിയിലെ അഹ്മദികളും പന്തിവിരോധത്തിന്റെ കരാളഹസ്തങ്ങളിൽ അകപ്പെട്ടു. അല്ലാഹു സത്യവിശ്വാസികളെ പരീക്ഷിക്കാതെ വിടുകയില്ല എന്നുള്ള ഖുർആനിക പാഠമനുസരിച്ച് ഇവിടത്തെ അഹ്മദികൾക്കും സംഘടിതമായ എതിർപ്പുകളുടെ രുചി ആസ്വദിക്കേണ്ടതുണ്ടായിരുന്നു.

അഹ്മദിയ്യത്തിന്റെ കൊടിയശത്രുവായ കൊണ്ടോട്ടിക്കാരൻ ഒരു മൗലവി പഴയങ്ങാടിയിൽ മദ്റസ്സാധ്യാപകനായി വന്നെത്തി. അഹ്മദികളും ഇതര മുസ്ലിംകളും തമ്മിൽ ഇവിടെ അരങ്ങേറിയ മൈത്രീഭാവവും സഹവർത്തിത്വവും സഹകരണവും കണ്ട് മൗലവി അത്ഭുതപരതന്ത്രനായി.

എല്ലാ പള്ളികളിലും അഹ്മദികൾ പ്രവേശിക്കുകയും നമസ്കരിക്കുകയും ചെയ്യുന്നു! അഹ്മദിയ്യാ മദ്റസ്സയിൽ അനഹ്മദിമുസ്ലിംകളും തങ്ങളുടെ കുട്ടികളെ പഠിക്കാനയക്കുന്നു! വിവാഹാദിയന്തരങ്ങളിൽ ഇരുകൂട്ടരും യോജിപ്പോടെ പങ്കെടുക്കുന്നു! എല്ലാറ്റിലുമുപരി ഇവിടെ ഒരേ ഖബർസ്ഥാനിലാണ് അഹ്മദികളുടെയും മറ്റു മുസ്ലിംകളുടെയും ജനാസകൾ മറവക്കപ്പെടുന്നത്! ഈ കാര്യങ്ങളെല്ലാം പ്രസ്തുത മൗലവിയെ സംബന്ധിച്ചിടത്തോളം സഹിക്കാൻ കഴിയുന്നതിലധികമായി. അദ്ദേഹം അഹ്മദികൾക്കെതിരെ പ്രകോപനമുണ്ടാക്കുന്ന സംസാരങ്ങളുമായി രംഗത്തുവന്നു.

ഇവിടെ മുഅ്മിനും കാഫിറും തമ്മിൽ വ്യത്യാസമില്ലാത്തതെന്ത്? അദ്ദേഹം ക്രുദ്ധനായി ചോദിച്ചു.

ചില നിഷ്പക്ഷമതികൾ മറുപടി പറഞ്ഞു. "അല്ലയോ മൗലവി! ആ കാര്യം വിട്ടേക്കുക. ഞങ്ങൾ തമ്മിൽ വളരെയടുത്ത കുടുംബബന്ധങ്ങളുണ്ട്. അതിനാൽ ദയവുചെയ്ത് വിഭാഗീയവിഷയം ഇവിടെ കൊണ്ടുവരരുത്."

പക്ഷേ, മൗലവി വിടാൻ തയ്യാറില്ലായിരുന്നു. ഒരു പ്രഭാഷണപരമ്പരയിൽ ഈ വിഷയംതന്നെ പരാമർശിച്ചുകൊണ്ട് അദ്ദേഹം വിഷം വമിക്കുന്ന പ്രസംഗം ചെയ്തു. കോഴിക്കോട്ടും മറ്റും ചെയ്തതുപോലെ ഇവിടെയും ഖാദിയാനികൾക്ക് ഉപരോധമേർപ്പെടുത്തണം. ഇതാണ് മൗലവിയുടെ ആഹ്വാനം.

ആയിടയിലാണ് 1934 മാർച്ചുമാസം ഖാദിയാൻ ശരീഫിൽനിന്ന് ഹദ്റത്ത് അൽഹാജ് മൗലാനാ അബ്ദുർറഹീം സാഹിബ് നയ്യർ(റ) പഴയങ്ങാടി സന്ദർശിച്ചതും അദ്ദേഹത്തിന്റെ മഹനീയ സാന്നിധ്യത്തിൽ അഹ്മദിയ്യാ പള്ളിക്കു മുൻവശം മാർച്ച് 17-ാം തിയ്യതി ഒരു യോഗം സംഘടിപ്പിച്ചതും. ലണ്ടൻ മിഷനറിയും വാഗ്ദത്തമസീഹിന്റെ ഒരു സഹാബിയും കൂടിയായ ഈ പുണ്യ വ്യക്തിയുടെ പ്രഭാഷണം ശ്രവിക്കാൻ ധാരാളമാളുകൾ തടിച്ചുകൂടിയിരുന്നു. യോഗം അലങ്കോലപ്പെടുത്താനായി എതിർസംഘത്തിലെ ഏതാനും യുവാക്കൾ ഒരുങ്ങിവന്നു. അവർ സ്റ്റേജിലേക്ക് കല്ലെറിഞ്ഞു. കല്ലേറുകൊണ്ട് ഗ്യാസ് ലൈറ്റ് പൊട്ടിത്തെറിച്ചു. ഭയവിഹ്വലരായ പെണ്ണുങ്ങളും കുഞ്ഞുങ്ങളും വൃദ്ധന്മാരും യോഗസ്ഥലം വിട്ടുപോകാൻ തുടങ്ങി. ഒടുവിൽ യോഗം പിരിച്ചുവിടേണ്ടിവന്നു.

വിശിഷ്ടാതിഥിയെ അവഹേളിക്കുകയും യോഗം അലങ്കോലപ്പെടുത്തുകയും ചെയ്യുന്ന ഇത്തരം പ്രവണത പഴയങ്ങാടിയിൽ മുമ്പില്ലാത്തതായിരുന്നു. അതുകൊണ്ടുതന്നെ മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എയുടെ നിർദ്ദേശപ്രകാരം പഴയങ്ങാടി ജമാഅത്ത് ജനറൽ സിക്രട്ടറി എ. സുലൈമാൻ സാഹിബ് പയ്യന്നൂർ പോലീസിൽ ഇതുസംബന്ധിച്ച് പരാതി ബോധിപ്പിച്ചു. പോലീസ്, പഴയങ്ങാടിയിലെ അഹ്മദിയ്യാവിരുദ്ധരുടെ ഒരു നേതാവായ ബി. കുഞ്ഞഹ്മദ്ഹാജി മൗലവിയെ വിളിപ്പിച്ച് ചോദ്യം ചെയ്യുകയും കല്ലേറുനടത്തിയ വൈരികളെപ്പറ്റി അന്വേഷിക്കുകയും ചെയ്തു.

ഇതോടെ അരിശം മുഴുത്ത കുഞ്ഞഹ്മദ്ഹാജി മൗലവി അഹ്മദികളെ ഒരു പാഠം പഠിപ്പിക്കണമെന്നുതന്നെ തീരുമാനിച്ചു. അഹ്മദികൾക്ക് എങ്ങും സ്വീകാര്യതയും സ്വാധീനവും ലഭിക്കുകയും ഉദ്ബുദ്ധരും പ്രഗത്ഭമതികളുമായ വ്യക്തികൾ അഹ്മദിയ്യത്തിലേക്ക് ആകൃഷ്ടരാവുകയും ചെയ്യുന്നതിൽ അസൂയാലുവായി കഴിയുകയായിരുന്നു അയാൾ. അപ്പോഴാണ് ചൊടിപ്പിക്കുന്ന ഈ സംഭവവും വന്നുകൂടിയത്.

അയാൾ നേരെ ചെന്നത് മാടായിപ്പള്ളിയിലെ മദ്റസ്സാധ്യാപകനും അഹ്മദിയ്യാ വിരോധിയുമായ മൗലവിയുടെ അടുക്കലേക്കാണ്. അഹ്മദികൾക്കെതിരായി സാമൂഹികബഹിഷ്കരണം നടപ്പാക്കണമെന്നുള്ള അഭിപ്രായത്തോട് താനും യോജിക്കുന്നുവെന്ന് അയാൾ ആ മദ്റസ്സാധ്യാപകനായ മൗലവിയോട് പറഞ്ഞു. കുഞ്ഞഹ്മദ്ഹാജിയുടെ ഈ യോജിപ്പ് മൗലവിയെ ആഹ്ലാദചിത്തനാക്കി. അങ്ങനെ അവരെല്ലാം ഒത്തുചേർന്ന് പഴയങ്ങാടിയിൽ അഹ്മദികൾക്ക് ഉപരോധമേർപ്പെടുത്തി. തുടർന്ന് ഇവിടത്തെ അഹ്മദികൾ നാനാതരത്തിലുള്ള ബുദ്ധിമുട്ടുകൾക്ക് വിധേയരായി. പള്ളിപ്രവേശനം തടയുകമാത്രമല്ല ഖബർസ്ഥാൻ വിരോധിച്ചും ബാർബർമാരെ മുടക്കിയും എതിരാളികൾ അഹ്മദികളെ ബുദ്ധിമുട്ടിച്ചു. കല്ലേറും കൂക്കിവിളിയും ഭീഷണിയും തെറിവാക്കുകളുടെ അഭിഷേകവും അഹ്മദികൾക്കെതിരെ മുറ തെറ്റാതെ നടന്നു.

മൗലാനാ ബി. അബ്ദുല്ലാഹ്സാഹിബ് എച്ച്.എ ആണ് ആ കാലത്തെ ഏറ്റവുമേറെ എതിർപ്പുകൾക്ക് വിധേയനായത്. അദ്ദേഹത്തിന്റെ ജീവനുപോലും ഭീഷണിയുണ്ടായി.

പഴയങ്ങാടിയിൽ നേരത്തേ അഹ്മദിയ്യാ മസ്ജിദ് സ്ഥാപിക്കപ്പെട്ടിരുന്നതിനാൽ, പള്ളിവിരോധം അഹ്മദികൾക്ക് ഒരു പ്രശ്നമായില്ല. പക്ഷേ, കുന്നത്ത്പള്ളിയിലേയും കുളംകരപ്പള്ളിയിലേയും കുളങ്ങളിൽ കുളിക്കാനെത്തുന്ന അഹ്മദീയുവാക്കൾക്ക് ഈ ഉപരോധം ഒരു ദ്രോഹമായി. അവരിൽ ചിലർ എതിരാളികളുടെ മർദ്ദനങ്ങൾക്ക് ഇരയാവുകയും ചെയ്തു.

ഖബർസ്ഥാൻ നിരോധിച്ചതിനാൽ അതിവേഗം അഹ്മദികൾ പുതിയൊരു ശ്മശാനത്തിനുവേണ്ടിയുള്ള ശ്രമമാരംഭിച്ചു. അധികം താമസിയാതെ ഖബർസ്ഥാനുവേണ്ടിയുള്ള ഒരു സ്ഥലം അഹ്മദികൾക്ക് ഗവർമ്മെന്റ് സൗജന്യമായി നല്കി.

ഈ സ്ഥലം ലഭിക്കുന്നതിനുമുമ്പേ പോലീസ് സൂപ്രണ്ട് പഴയങ്ങാടി സന്ദർശിച്ച് അവിടത്തെ സ്ഥിതിഗതികൾ പഠിക്കുകയുണ്ടായി. ഹദ്റത്ത് മൗലാനാ അബ്ദുല്ലാഹ്സാഹിബ് എച്ച്.എയുമായുള്ള കൂടിക്കാഴ്ചയും സഹവാസവും ഉർദൂക്കാരനായ ഈ പോലീസ് മേധാവിയിൽ എന്തെന്നില്ലാത്ത പ്രതികരണമാണുണ്ടാക്കിയത്.

*(അവലംബം: കേരള അഹ്മദിയ്യാ ചരിത്രത്തിന് ഒരാമുഖം - എ. അബ്ദുശ്ശുക്കൂർ)*



## റൺ ഫോർ വോഹൻ

**വോഹൻ**: കാനഡയിലെ വോഹൻ സിറ്റിയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ 'വോഹൻറൺ' മത്സരം സംഘടിപ്പിച്ചു. 500 ഓട്ടക്കാരും 600 നടത്തക്കാരും പങ്കെടുത്ത ഈ ഓട്ട-നടത്ത മത്സരം വോഹനിലെ ആദ്യത്തെ പ്രാദേശിക ഹോസ്പിറ്റലിന് ധനം സമാഹരിക്കുന്നതിനായിരുന്നു. വോഹൻ നഗരത്തിലാണ് ബയ്ത്തുൽ ഇസ്ലാം പള്ളി സ്ഥിതിചെയ്യുന്നത്. പത്രക്കാരും സമൂഹത്തിലെ പ്രമാണിമാരുമുൾപ്പെടെ വലിയ വിഭാഗം ജനങ്ങൾ ഈ പരിപാടിയിൽ പങ്കെടുത്തു. പരിപാടിയിൽനിന്ന് ഏകദേശം 75,000 ഡോളറിന്റെ ധനം സമാഹരിച്ചെടുക്കാൻ സാധിച്ചു.

## തർബിയ്യത്തിയോഗം

**മുറിയക്കണ്ണി**: 20.01.08 (ഞായർ) മഗ്രിബിനുശേഷം മസ്ജിദിൽവച്ച് ഖിലാഫത്ത് ജൂബിലി ഒരുക്കങ്ങളെക്കുറിച്ച് ഒരു തർബിയ്യത്ത് യോഗം നടന്നു. ഇസ്ലാഹ്-ഒ-ഇർശാദ് സെക്രട്ടറി ജനാബ് ടി. കുഞ്ഞീതുമാസ്റ്റർ സാഹിബ് അധ്യക്ഷത വഹിച്ചു. യോഗത്തിൽ ഇസ്റായേൽ മുബല്ലിഗ് മൗലവി സി. ശംസുദ്ദീൻ സാഹിബ് മുഖ്യപ്രഭാഷണം നടത്തി.

ഖിലാഫത്തിന്റെ ഉന്നമനത്തിനും അതിന്റെ അനുഗ്രഹലബ്ധിക്കുമായി നമ്മൾ ഐക്യത്തിലും സാഹോദര്യത്തിലും ജീവിക്കണമെന്നും, നിങ്ങളെല്ലാവരും ഒത്തുചേർന്ന് അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുന്നതിലുള്ള അയവ് കാരണമാണ് നമ്മൾക്ക് പലപ്പോഴും ഖിലാഫത്തിന്റെ അനുഗ്രഹവും നന്മയും നഷ്ടപ്പെട്ടുപോകുന്നതെന്നും അദ്ദേഹം പ്രസ്താവിച്ചു.

നമ്മുടെ ഒരു സഹോദരന്റെ മുഖത്തിൽ വിദ്വേഷത്തിന്റെയും വെറുപ്പിന്റെയും ലക്ഷണങ്ങൾ കാണുന്നു എങ്കിൽ അത് നമ്മുടെതന്നെ സ്വഭാവവും പെരുമാറ്റവുമാണ് പ്രകടമാകുന്നതെന്നും ഒരു മുസ്ലിം മറ്റൊരു മുസ്ലിമിന്റെ കണ്ണാടിയാണെന്ന നബിതിരുമേനി(സ)യുടെ വചനത്തിലടങ്ങിയ പൊരുൾ അതാണെന്നും അദ്ദേഹം ഓർമ്മപ്പെടുത്തുകയുണ്ടായി.

**അലനല്ലൂർ**: നാസിർ ഇസ്ലാഹെ-വൊ-ഇർശാദ് മൗലാനാ മുഹമ്മദ് ഉമർ സാഹിബിന്റെ സന്ദർശനത്തോടനുബന്ധിച്ച് മേഖലയിലെ അലനെല്ലൂർ, മണ്ണാർക്കാട്, മുറിയക്കണ്ണി, പള്ളിപ്പുറം എന്നീ ജമാഅത്തുകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള മേഖലയിലെ രണ്ടാമത്തെ തർബിയ്യത്ത് മീറ്റിംഗ് 22.1.08-ന് മേഖല അമീർ പ്രൊഫസർ അബ്ദുൽ കരീം സാഹിബിന്റെ അധ്യക്ഷതയിൽ നടന്നു. മൗലാനാ ഹിദായത്തുല്ലാഖാൻ സ്വഫാഫി ഖുർആൻ പാരായണം നടത്തി. എം. മുനവ്വർ അഹ്മദ് ഉർദുഗാനം കേൾപ്പിച്ചു. പ്രാദേശിക ജമാഅത്ത് പ്രസിഡണ്ട് എം. അബ്ദുൽ ബശീർ സാഹിബ് സ്വാഗതപ്രസംഗം നടത്തി. ചീഫ് മിഷണറി മൗലവി അയ്യൂബ് സാഹിബ് പ്രസംഗിച്ചു. മുഅല്ലിം ഖമറുദ്ദീൻ സാഹിബ് നന്ദി പറഞ്ഞു.

മൗലാനാ മുഹമ്മദ് ഉമർ സാഹിബ് മുഖ്യപ്രഭാഷണം നടത്തി. അഹ്മദിയ്യാ ജമാഅത്ത് ഖിലാഫത്ത് ജൂബിലി ആഘോഷങ്ങൾ കൊണ്ടുദ്ദേശിക്കുന്നത് അല്ലാഹുവിനോട് നന്ദി കാണിക്കുന്നതിനും ഖിലാഫത്തിന്റെ മഹത്വം അടുത്ത തലമുറയ്ക്ക് പറഞ്ഞുകൊടുത്തുകൊണ്ട് ഖിലാഫത്തിന്റെ അനുഗ്രഹങ്ങളെ സ്വായത്തമാക്കുന്നതിനും വേണ്ടിയാണെന്ന് മൗലവി സാഹിബ് പറഞ്ഞു. ഖിലാഫത്ത് ജൂബിലിക്കായി ഹുസൂർ നിർദ്ദേശിച്ച റൂഹാനി പ്രോഗ്രാമനുസരിച്ച് ദുആയിലൂടെ നാം മുന്നേറുകയാണെങ്കിൽ ഓരോ പ്രോഗ്രാമും ഇബാദത്താക്കി മാറ്റാൻ സാധിക്കുന്നതാണെന്ന് മൗലവി സാഹിബ് തുടർന്ന് പറഞ്ഞു.

നമ്മുടെ ജമാഅത്ത് പരിശുദ്ധരായ ആളുകളുടെ ജമാഅത്തായിരിക്കണം എന്നതാണ് ഇസ്ലാഹി കമ്മിറ്റികൾ കൊണ്ട് ഹുസൂർ ഉദ്ദേശിക്കുന്നതെന്നും ആ കമ്മിറ്റി ഓരോ വീടും സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണെന്നും നമ്മുടെ വീടുകളെ എല്ലാവിധത്തിലുള്ള മാലിന്യങ്ങളിൽനിന്ന് വിമുക്തമാക്കി അവരുടെ ഇടയിൽ സ്നേഹവും സാഹോദര്യവും രഞ്ജിപ്പും ഉണ്ടാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. കുട്ടികളുടെ ശിക്ഷണകാര്യത്തിൽ ശ്രദ്ധിച്ചില്ലെങ്കിൽ നമ്മെ അവർ കൈവിട്ടുപോകുന്ന ഒരവസ്ഥയുണ്ടാകുമെന്നും അവരുടെ രൂപത്തിലും വേഷത്തിലും പെരുമാറ്റത്തിലുമെല്ലാം നാം ശ്രദ്ധവെക്കണമെന്നും മൗലവി സാഹിബ് പറഞ്ഞു.

ഓരോ ഭരണകർത്താവും ഭരണീയരെ സംബന്ധിച്ച് ചോദിക്കപ്പെടും എന്ന ഹദീസിന്റെ വെളിച്ചത്തിൽ നമ്മുടെ ഉത്തരവാദിത്തങ്ങളെക്കുറിച്ച് അല്ലാഹുവിന്റെ മുമ്പാകെ സമാധാനം പറയേണ്ടിവരുമെന്ന ബോധം നമുക്കുണ്ടാവണമെന്നും ഖിലാഫത്തുമായിട്ടുള്ള ബന്ധം ഇമാമും ജമാഅത്തുമെന്നനിലയിൽ അനുസരണത്തിലധിഷ്ഠിതമായി നിലനിർത്താൻ നാം ശ്രദ്ധിക്കേണ്ടതാണെന്നും ഹുസൂർ തിരുമനസ്സിന്റെ ഖുത്‌ബയുടെ വെളിച്ചത്തിൽ ചീഫ് മുബല്ലിഗ് മൗലവി അയ്യൂബ് സാഹിബ് പറഞ്ഞു.

## മനുഷ്യാവകാശ സംഘടനകൾ പ്രതിഷേധിച്ചു

**ജക്കാർത്ത**: ഇന്തോനേഷ്യയിൽ ഭൂരിപക്ഷ മുസ്ലിംകൾ നടത്തുന്ന അഹ്മദിയ്യാ വിരുദ്ധ പരിപാടികൾക്കെതിരെ ഇന്തോനേഷ്യയിലെ മനുഷ്യാവകാശ സംഘടനകൾ രംഗത്ത്. ഇന്തോനേഷ്യയിലെ ജനാധിപത്യത്തിനും സമാധാനത്തിനുമുള്ള വലിയൊരു സംഘടനയായ SETARA ചെയർമാൻ ഹെൻദാർദി അഹ്മദിയ്യാ പ്രശ്നത്തിൽ ഇന്തോനേഷ്യൻ ഗവർമ്മെന്റിനെ രൂക്ഷമായി വിമർശിച്ചു. ഇതിനുപുറമെ മതപരമായ സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതുന്ന മനുഷ്യാവകാശ സംഘടനകളുടെ ഒരു മുന്നണി അഹ്മദികൾക്കെതിരായുള്ള ഉലമാ കൗൺസിൽ നടപടികളെ എതിർത്തുകൊണ്ട് ഇന്തോനേഷ്യൻ അറ്റോർണി ജനറലിന്റെ ഓഫീസിലേക്ക് പ്രതിഷേധപ്രകടനം സംഘടിപ്പിച്ചു. അഹ്മദിയ്യാ ജമാഅത്തിനെതിരായി നടക്കുന്ന മനുഷ്യാവകാശ ധ്വംസനങ്ങളിൽ പ്രതിഷേധം രേഖപ്പെടുത്തിയ പ്രകടനം ശ്രദ്ധേയമായിരുന്നു. അഹ്മദികൾക്കെതിരായ അക്രമങ്ങൾ നടത്തിയവർക്കെതിരെ നടപടിയെടുക്കാത്ത പോലീസ് നടപടിയിൽ ജക്കാർത്ത ലീഗൽ എയ്ഡ് ഇൻസ്റ്റിറ്റ്യൂട്ട് ഡയരക്ടർ അസ്ഫിനാവതി ഉത്കണ്ഠ രേഖപ്പെടുത്തി. അഹ്മദികൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതിൽ മനുഷ്യാവകാശ സംഘടനകൾ ഉണർന്നെണീറ്റത് പ്രത്യാശാജനകമാണെന്ന് കരുതപ്പെടുന്നു.

## അറിയിപ്പ്

അൽഹഖിലേക്കുള്ള ലേഖനങ്ങൾ, കവിതകൾ, കത്തുകൾ എന്നിവ താഴെ പറയുന്ന വിലാസത്തിൽ അയച്ചുതരിക.

*എഡിറ്റർ*
*അൽഹഖ്,*
*C/o അഹ്മദിയ്യാ കോംപ്ലക്സ്,*
*ഫോർട്ട് റോഡ്,*
*കണ്ണൂർ- 1*

അൽഹഖിന്റെ വരിസംഖ്യയും, ഖുത്‌ബ വരിസംഖ്യയും മേൽപ്പറഞ്ഞ വിലാസത്തിൽത്തന്നെ അയച്ചുതരിക.


## ഖുർആൻ

"വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുന്നവരായി നിലകൊള്ളുകയും ചെയ്യുന്നവർക്ക് ഈ ലോകത്തും പരലോകത്തും സന്തോഷവാർത്തക ളുണ്ട്. അല്ലാഹുവിന്റെ വചനങ്ങൾക്ക് മാറ്റമില്ല (10:64,65).

## നബിവചനം

"ഹദ്റത്ത് അബൂദർദാഅ്(റ) നിവേദനം ചെയ്യുന്നു. ഖുർആനിൽ വന്ന "അവർക്ക് ഇഹലോകത്തും പരലോകത്തും സന്തോഷവാർത്തക ളുണ്ട്" എന്നതിനെ സംബന്ധിച്ച് ഒരാൾ നബി(സ)തിരുമേനിയോട് ചോദിച്ചു. ആ മഹാത്മാവ് പറഞ്ഞു: "സ്വയം കാണുകയോ അല്ലെങ്കിൽ അവനു വേണ്ടി കാണിക്കപ്പെടുകയോ ചെയ്യുന്ന സത്യ പൂർണ്ണമായ സ്വപ്നങ്ങളാണ് ഈ ലോകത്തിലെ സന്തോഷവാർത്ത; പരലോകത്തിലേത് സ്വർഗ്ഗവും."

## യുഗശബ്ദം



യുഗപുരുഷന് അല്ലാഹു നല്കിയ പത്ത് അടയാളങ്ങൾ

1. അല്ലാഹു എനിക്ക് ഖുർആനിക രഹസ്യങ്ങളുടെ ചുരുളഴിച്ചുതന്നിരിക്കുന്നു.
2. അല്ലാഹു എനിക്ക് ഖുർആന്റെ ഭാഷയായ അറബിയിൽ നിതാന്തമായ ശക്തി നൽകിയിരിക്കുന്നു.
3. അല്ലാഹു എന്റെ പ്രാർത്ഥനകളിൽ വിശേഷാൽ സ്വീകാരം വെച്ചിരിക്കുന്നു.
4. അല്ലാഹു എനിക്ക് ആകാശത്തുനിന്ന് അടയാളം പ്രദാനം ചെയ്തിരിക്കുന്നു.
5. അല്ലാഹു എനിക്ക് ഭൂമിയിൽനിന്ന് അടയാളം കനിഞ്ഞരുളിയിരിക്കുന്നു.
6. എന്നോട് പോരിന് വരുന്നവൻ പരാജയപ്പെടുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു.
7. നിന്നെ വിശ്വസിക്കുന്നവർ എല്ലാ നേരവും തങ്ങളുടെ സത്യപൂർവ്വമായ തെളിവുകളിൽ വിജയിക്കുമെന്നും ദൈവനിയോഗിതൻ ഒരിക്കലും നഷ്ടത്തിലാവുകയില്ലെന്ന് കാണിച്ചുകൊടുക്കാനായി അവരും അവരുടെ സന്താനങ്ങളും ലോകത്ത് വലിയ വലിയ ബഹുമതികൾ നേടുമെന്നും അല്ലാഹു എനിക്ക് സന്തോഷവാർത്ത അറിയിച്ചിരിക്കുന്നു.
8. ലോകത്തിന്റെ പരമ്പര വിച്ഛിന്നമായി പുനരുത്ഥാനമുണ്ടാകുന്നതുവരെ നിന്നോടുള്ള കൃപാകടാക്ഷം പ്രകടിപ്പിച്ചുകൊണ്ടിരിക്കുമെന്ന് അല്ലാഹു എന്നോട് വാഗ്ദാനം ചെയ്തിരിക്കുന്നു. എത്രത്തോളമെന്നാൽ, അല്ലാഹു പറഞ്ഞു: രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽനിന്ന് അനുഗ്രഹം തേടും.
9. ആളുകൾ നിന്നെ നിഷേധിക്കുകയും തിരസ്കരിക്കുകയും ചെയ്യുമെന്നും എന്നാൽ, ഞാൻ നിന്നെ സ്വീകരിക്കുകയും ശക്തിയുക്തമായ പ്രത്യാക്രമണത്താൽ നിന്റെ സത്യതയെ വെളിപ്പെടുത്തുമെന്നും ഇന്നേയ്ക്ക് 20 വർഷം മുമ്പേ അല്ലാഹു എനിക്ക് സന്തോഷവാർത്ത നല്കിയിരിക്കുന്നു.
10. നിനക്ക് നല്കിയ അനുഗ്രഹങ്ങളെ വീണ്ടും പ്രകാശിപ്പിക്കാനായി നിന്നിൽനിന്ന്, നിന്റെ മക്കളിൽനിന്നുതന്നെ ഒരു വ്യക്തി നിയോഗിതനാകുമെന്നും ആ വ്യക്തിയിൽ പരിശുദ്ധാത്മാവിന്റെ സഹായം ഊതപ്പെടുമെന്നും അവൻ നിർമ്മലനും അല്ലാഹുവുമായി പരമമായ പരിശുദ്ധ ബന്ധം പുലർത്തുന്നയാളായിരിക്കുമെന്നും ആ വ്യക്തി അല്ലാഹു ആകാശത്തുനിന്നും ഇറങ്ങിയതുപോലെ അവന്റെ പ്രതീകമായിരിക്കുമെന്നും അല്ലാഹു എനിക്ക് വാക്ക് തന്നിരിക്കുന്നു. (അൽഫസ്ൽ, 19.11.1914).

# ഇനി ഇറാന്റെ ഊഴം

*എ. അമ്രീൻ*

ആഗോളതലത്തിൽ അമേരിക്കയെ വെല്ലാൻ മറ്റൊരു സൈനികശക്തിയുമില്ല. ഭൂമുഖത്തെവിടെയും എപ്പോൾ വേണമെങ്കിലും മരണവും നാശവും വിതയ്ക്കാനുള്ള കെല്പും അമേരിക്കയെപോലെ മറ്റൊരു രാജ്യത്തിനുമില്ല. ശീതസമരം കഴിഞ്ഞ് രണ്ട് ദശകങ്ങളാവാറായെങ്കിലും പന്ത്രണ്ടായിരത്തോളം ന്യൂക്ലിയർ കൂട്ടസംഹാരയുദ്ധങ്ങളും കെട്ടിപ്പിടിച്ചാണ് യു.എസ്. ഭരണധുരന്മാർ കഴിയുന്നത്. പോരാത്തതിന് ബങ്കറുകളും കരിങ്കൽമാളങ്ങളും തകർക്കാനെന്നപേരിൽ ഭൂമി തുളഞ്ഞുകയറാനുതകുന്ന ചെറുതരം ന്യൂക്ലിയർ ബോംബുകളുടെ (Robust Nuclear Earth Penetrator) ഒരു കൂമ്പാരംതന്നെ പുതുതായി വേറെയും കൂട്ടിയിരുട്ടുകൊണ്ടിരിക്കുന്നു!

അമേരിക്കൻ സൈനിക വിദഗ്ദ്ധന്മാർ 'ആദ്യ ആക്രമണശേഷി' (First Strike Capability)എന്നു വിളിക്കുന്ന ഈ ന്യൂക്ലിയർ മേൽകൈയാണ് അമേരിക്കയെ വെല്ലുവിളിക്കപ്പെടനാവാത്ത വില്ലനാക്കിമാറ്റുന്നത്.

നിർഭാഗ്യവശാൽ മലേഷ്യമുതൽ ആഫ്രിക്കവരെയുള്ള വിശാലമായ മേഖലയിൽ സൈനികശക്തിയിൽ ഇസ്റായീലിനെ വെല്ലാൻ ശേഷിയുള്ള മറ്റൊരു രാജ്യവുമില്ല. ചുറ്റുമുള്ളത് സ്വന്തമായി ഒരു ബോൾട്ടുപോലും നിർമ്മിക്കാനാവാത്ത, ദയനീയതയുടെ പര്യായമായി കഴിയുന്ന അറബിരാജ്യങ്ങളാണ്. സർവ്വനാശം വിതയ്ക്കുന്ന ഏതാണ്ട് മുന്നൂറോളം അണുവായുധങ്ങളും ദീർഘദൂര വിക്ഷേപണശേഷിയും ന്യൂക്ലിയർ അന്തർവാഹിനികളുമൊക്കെയായാണ് പശ്ചിമേഷ്യയിൽ ഇസ്റായീൽ വാഴുന്നത്. താങ്ങാവുന്നതിലധികം നശീകരണായുധങ്ങളുമായി ഇസ്റായീൽ എന്തിനിങ്ങനെ സൈനികശേഷി ആർജ്ജിക്കുന്നു എന്ന കാര്യം ലോകത്തൊരു രാജ്യവും ചിന്തിക്കുന്നില്ല.

ഇങ്ങനെയൊക്കെയാണെങ്കിലും കുറച്ച് യുറേനിയം സമ്പുഷ്ടീകരിക്കാനുള്ള ഇറാന്റെ ശ്രമം ലോകത്തിന് വൻഭീഷണിയാണെന്നാണ് അമേരിക്കയും ഇസ്റായീലും പറയുന്നത്. ഭത്സനങ്ങളും ഇടതടവില്ലാത്ത ഭീഷണികളുമായി ഇവറ്റകൾ ഇറാന്റെ പിന്നാലെയാണ്. പശ്ചിമേഷ്യയിൽ ഏതെങ്കിലും രാജ്യത്തെ ഇറാൻ ഇന്നോളം ആക്രമിക്കുകയോ ഏതെങ്കിലും യുദ്ധത്തിന് കോപ്പുകൂട്ടുകയോ ചെയ്തിട്ടില്ല. എങ്കിലും ബുഷിന്റെ ഭാഷയിൽ ലോകസമാധാനത്തിന് ഏറ്റവും വലിയ ഭീഷണി ഇപ്പോൾ ഇറാനാണ്.

*(തുടരും)*

## നൂറ് മുഹമ്മദ് തങ്ങൾ ധന്യർ!

*അബൂ ശഹീദഹ്മദ്, പഴയങ്ങാടി*

മഹ്ദീമസീഹിന്റെ ഗ്രന്ഥങ്ങളിൽ
അതിലെ മഹനീയ ജ്ഞാനങ്ങളിൽ
വിരിഞ്ഞു കവിതാശകലങ്ങളിൽ
ചൊരിഞ്ഞ തൽഹഖ്മിന്റെ താളുകളിൽ!

എങ്ങുമൊളി വീശി പാരിടത്തിൽ
വന്ദ്യനാമെൻ ഗുരുനാഥൻ വര്യൻ
ആ ദിവ്യനാമം മുഹമ്മദ് താൻ
ജീവനിൽ ജീവനാണെന്നാത്മാവിൽ!

അമ്പിയാ സർവർ പരിശുദ്ധന്മാർ
എങ്കിലും സർവാധിനാഥൻ പക്കൽ
ഹൈറുൽവറാ യഭികാമ്യർ അവർ
നൂറ് മുഹമ്മദ് തങ്ങൾ ധന്യർ!

മിന്നുന്നൂ താരകൾ ആകാശത്തിൽ
വിളങ്ങുന്നതേറെയാണാ പൂന്തിങ്കൾ
ദൃഷ്ടികൾ സർവം ചന്ദ്രബിംബത്തിൽ
ബദ്റുദ്ദുജാവായി നയനങ്ങളിൽ!

അങ്ങു ശുദ്ധാത്മാവ് വിശ്വസ്തൻതാൻ
ഉന്നതൻ ദൈവത്തിൻ സൃഷ്ടികളിൽ
നേത്രങ്ങൾ എത്രയോ സംശുദ്ധങ്ങൾ
അർപ്പിപ്പൂ സർവ്വാധിനാഥൻ തന്നിൽ!

ധർമ്മത്തിൻ ദീപം ആ ഹസ്തങ്ങളിൽ
പരിശുദ്ധ വേദമതല്ലോ ഖുർആൻ
ഗഹനങ്ങൾ ആത്മീയദർശനങ്ങൾ
സഹനം വരിച്ചവർ ത്യാഗങ്ങളിൽ!

കഷ്ടനഷ്ടങ്ങൾ ഒന്നിച്ചു ശിഷ്യർ
ഘോരയുദ്ധങ്ങൾ ജയിച്ചൂ ശ്രേഷ്ഠർ
ഇസ്ലാം ദീനിന്റെ സംരക്ഷണത്തിൽ
തൽക്ഷണം ഏന്തിയാ വാൾപരിചകൾ!

ശരസ്സുസ്സുഹാ താങ്കൾ സത്യദീനിൻ
പൊൻകിരീടം ദൈവദൂതന്മാരിൽ
സമ്പത്ത് വിതറുന്ന ധന്യൻ പാരിൽ
ആത്മീയ സമ്പന്നന്മാരിൽ മുമ്പിൽ!

ആ ദിവ്യസുന്ദര ദീപ്തി മുന്നിൽ
ജീവിതം തെണ്ടമായ് സംതൃപ്തിയിൽ
മഹിമകൾ ഏറിയവരോ താങ്കൾ
അത് തന്നെയാണല്ലോ ഭാഗ്യം എന്നിൽ!

## ഖിലാഫത്തിൽ ഉറച്ചുനില്ക്കുക: മൗലാനാ ഉമർ സാഹിബ്

**കണ്ണൂർ:** ഖിലാഫത്ത് അഹ്മദികൾക്കായുള്ള അനുഗ്രഹമാണെന്ന് ഇസ്ലാഹോ ഇർശാദ് അഖിലേന്ത്യാ നാസിർ മൗലാനാ ഉമർ സാഹിബ് പറഞ്ഞു. അങ്ങനെയുള്ള ഖിലാഫത്തിൽ ഉറച്ചു നിൽക്കുകവഴി അഭിവൃദ്ധി സ്വായത്തമാക്കുകയാണ് ഓരോരുത്തരും. കണ്ണൂർ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് സംഘടിപ്പിച്ച തർബിയ്യത്ത് യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. വസിയ്യത്ത് വ്യവസ്ഥിതിയെ മുൻനിർത്തിക്കൊണ്ട്, ധനത്യാഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും മൗലവി ഉമർ സാഹിബ് ഊന്നിപ്പറഞ്ഞു. ചടങ്ങിൽ സംസാരിച്ച നാസിർ ബയ്ത്തുൽ മാൽ മൗലാനാ ജലാലുദ്ദീൻ സാഹിബ് നയ്യർ തന്റെ പ്രസംഗത്തിൽ വസിയ്യത്ത് ചെയ്യേണ്ടുന്നതിന്റെ ആവശ്യകതയെക്കുറിച്ച് പറഞ്ഞു. കാലത്തിന്റെ ഖലീഫയുടെ ആഗ്രഹമാണ് വസിയ്യത്ത് പദ്ധതിയുടെ പൂർത്തീകരണം. അതിനു വേണ്ടി ശ്രമിക്കേണ്ടത് തങ്ങളുടെ ബാധ്യതയാണെന്ന് ജമാഅത്തംഗങ്ങളെ അദ്ദേഹം ഉദ്ബോധിപ്പിച്ചു. കാലത്തിന്റെ ഇമാം പറയുന്നത് ചെവിക്കൊള്ളുക എന്നത് വിശ്വാസികളുടെ പ്രഥമ കർത്തവ്യമാണെന്ന് മൗലവി സാഹിബ് ഊന്നിപ്പറഞ്ഞു. മൗലാനാ ഉമർ സാഹിബിനു പുറമെ ചീഫ് മുബല്ലിഗ് ഇൻചാർജ്ജ് (കേരള) മൗലവി അയ്യൂബ് സാഹിബ്, കണ്ണൂർ ജമാഅത്ത് പ്രസിഡണ്ട് ബി. അബ്ദുസ്സലാം സാഹിബ് എന്നിവരും സദസ്യരെ അഭിസംബോധന ചെയ്തു. കണ്ണൂർ മേഖലാ അമീർ എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ്ആധ്യക്ഷം വഹിച്ചു. നിശാദ് അസീസ് ഖുർആൻ പാരായണം ചെയ്തു. നിഹാദ് നസം ആലപിച്ചു.

## മൗലാനാ മുഹമ്മദ് ഉമർ സാഹിബിന് സ്വീകരണം

**അലനല്ലൂർ:** കേന്ദ്ര നാസിർ ഇസ്ലാഹെ-വൊ-ഇർശാദ് ആയി സ്ഥാനമേറ്റശേഷം മേഖലാ തർബിയ്യത്ത് യോഗത്തിൽ പങ്കെടുക്കാനായി 21.1.08-ന് ആദ്യമായി അലനെല്ലൂരിൽ എത്തിയ മൗലാനാ മുഹമ്മദ് ഉമർ സാഹിബിന് പ്രാദേശിക ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ സ്വീകരണം നൽകി. ആബാലവൃദ്ധം ആളുകൾ പങ്കെടുത്ത സ്വീകരണപരിപാടിയിൽ പ്രസിഡണ്ട് എം. അബ്ദുൽ ബശീർ സാഹിബ് ഹാരാർപ്പണം നടത്തി പള്ളിയിലേക്ക് ആനയിച്ചു. ചീഫ് മിഷണറി മൗലവി അയ്യൂബ് സാഹിബ്, പ്രൊഫസർ അബ്ദുൽ കരീം സാഹിബ് (അമീർ) എന്നിവരെയും സ്വീകരിച്ചു. മേഖലാ തർബിയ്യത്ത് യോഗത്തിൽ മൗലവി സാഹിബ് ചെയ്ത പ്രസംഗത്തിൽ, അലനല്ലൂർ ജമാഅത്ത് നൽകിയ സ്വീകരണത്തിന് നന്ദി പറഞ്ഞുകൊണ്ട്, അഹ്മദികൾ തമ്മിലുള്ള പരസ്പര സ്നേഹം നിർവാച്യമാണെന്നും മറ്റൊരു പ്രസ്ഥാനത്തിലും ഇത് കാണാൻ സാധിക്കുകയില്ലെന്നും അല്ലാഹുവിന്റെ 'ഹബ്ലി'നെ മുറുകെ പിടിച്ചുകൊണ്ട് ഏകോദരസോദന്മാരായി ജീവിക്കുന്നതുകൊണ്ടാണ് ഇത് സംഭവിക്കുന്നതെന്നും ഇത് ഖിലാഫത്തിന്റെ ബർക്കത്താണെന്നും മൗലവി സാഹിബ് പറഞ്ഞു. സ്വാഗതപ്രസംഗത്തിൽ പ്രസിഡണ്ട് എം. അബ്ദുൽ ബശീർ സാഹിബ്, നമുക്കേവർക്കും അഭിമാനിക്കാവുന്ന സ്ഥാനത്താണ് മൗലവി സാഹിബുള്ളതെന്നും ഭാഷയുടെ മതിൽക്കെട്ടുകൾ തടസ്സമാകാതെ നമ്മുടെ കാര്യങ്ങൾ നേരിട്ടുപറയാൻ സാധിക്കുക എന്നുള്ളത് വലിയ കാര്യമാണെന്നും അദ്ദേഹം പറഞ്ഞു.

# അമേരിക്കൻ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് തയ്യാറാക്കിയ 2006–ലെ ബംഗ്ലാദേശ് റിപ്പോർട്ടിൽ അഹ്മദികളെ പരാമർശിക്കുന്ന ഭാഗങ്ങൾ

ഏറെക്കുറെ ഒരു ലക്ഷത്തോളം അഹ്മദികൾ ധാക്കയിലും ഇതര നഗരങ്ങളിലുമായുണ്ട്. അഹ്മദിയ്യാ അധ്യാപനങ്ങളിൽ പലതും മുഖ്യധാരാ മുസ്‌ലിംകൾ പിന്തുടരാത്തവയാണ്. അഹ്മദിയ്യാ വിശ്വാസം പിന്തുടരാത്ത ആളുകൾ സ്ഥിരമായി അഹ്മദികളെ അധിക്ഷേപിക്കുകയും, ആക്രമിക്കുകയും ചെയ്യുന്നുണ്ട്. 2003–ന്റെ അവസാനംമുതൽ ഇസ്‌ലാമിക ഐക്യമുന്നണി എന്ന സംഘടന ഇവരെ വേട്ടയാടുകയാണ്. 2003–ൽ അഹ്മദികൾക്കെതിരായ ഏറ്റവും വലിയ ആക്രമണം നടന്നത് കുഷ്ത്തിയ എന്ന സ്ഥലത്താണ്. ഇവിടെ 17 ഓളം അഹ്മദികുടുംബങ്ങൾ ഉപദ്രവം സഹിക്കവയ്യാതെ നാടുവിട്ടു. ഇതേവർഷം തന്നെയാണ് തേജ്ഗാഓണിലെ ഒരു അഹ്മദിയ്യാ പള്ളി അയ്യായിരത്തോളം വരുന്ന അക്രമികൾ പൊളിച്ചുനീക്കാൻ ഒരുങ്ങിയെത്തിയത്. ഇവരെ പിരിച്ചുവിടാൻ പോലീസിന് വെടിവെക്കേണ്ടിവന്നു.

2004–ൽ അഹ്മദികൾക്ക് നേരിയ സുരക്ഷനൽകാൻ പോലീസ് തയ്യാറായി. എന്നിട്ടും രംഗപൂരിൽ 14 വീടുകൾ നശിപ്പിക്കുകയും 15 വീടുകൾ ബലംപ്രയോഗിച്ച് പിടിച്ചെടുക്കുകയും ചെയ്തു. ഇതേവർഷം തന്നെ ഖത്മേനുബുവ്വത്ത് സംഘടനക്കാർ അഹ്മദികൾക്കെതിരെ കനത്ത ആക്രമണമഴിച്ചുവിട്ടു. നിരവധി പള്ളികൾ തകർക്കപ്പെട്ടു. ഒട്ടനവധി ആളുകൾക്ക് ആക്രമണങ്ങളിൽ പരിക്കുപറ്റി. പോലീസ് നടത്തിയ ലാത്തിച്ചാർജ്ജിലും, വെടിവെയ്പ്പിലും ആക്രമണകാരികൾക്കു തന്നെ പരിക്കുപറ്റി.

2005–ൽ നിരവധി അഹ്മദിയ്യാ പള്ളികൾക്കു നേരെ ആക്രമണമുണ്ടായി. ബോഗ്റയിലെ ഒരു പള്ളി ആക്രമിച്ച ശക്തമായ ജനക്കൂട്ടത്തെ പോലീസ് തുരത്തി. അട്ടാരയിലെ നിർമ്മാണത്തിലിരുന്ന പള്ളി ഉപരോധിച്ചു. ഈ വർഷം തന്നെ ചില തീവ്രവാദ സംഘടനകൾ അഹ്മികളെ നിരോധിക്കണമെന്നാവശ്യപ്പെട്ട് ഗവർമ്മെന്റിന് നിവേദനം നൽകി. ഇത് ഗവർമ്മെന്റ് നിരസിച്ചപ്പോൾ ധാക്കയിലെ അഹ്മദിയ്യാ കോംപ്ലക്സിനടുത്തായി പ്രതിഷേധ പ്രകടനം നടത്തി. ഇതിനിടയിൽ 60–ലധികം ആളുകൾക്കും പോലീസുകാർക്കും പരിക്കേറ്റു.

2006–ൽ ഷാഹബാസ്പൂർ എന്ന സ്ഥലത്ത് അഹ്മദിയ്യാ സ്ത്രീയുടെ മൃതദേഹം മറവുചെയ്യുന്നതിനെ ജനക്കൂട്ടം എതിർത്തു. ഗ്രാമീണരുടെ ആവശ്യത്തിന് വഴങ്ങി പോലീസ് നിസ്സാഹയാവസ്ഥ നടിച്ചു. അവസാനം മറ്റൊരു സ്ഥലം ശ്മശാനമായി ഉപയോഗിക്കേണ്ടിവന്നു. ഇതേവർഷംതന്നെ ജൂണിൽ വൻജനക്കൂട്ടം ധാക്കയിലെ അഹ്മദിയ്യാ പള്ളി ആക്രമിച്ചു. മറുപടിയായി മൂവായിരം പോലീസുകാർ നിരത്തിലിറങ്ങി. ഇതിൽ പ്രതിഷേധിച്ച് ധാക്കാ സിയാ അന്താരാഷ്ട്ര വിമാനത്താവള റോഡ് ഉപരോധിച്ച പ്രകടനക്കാർ പൊതുമുതലുകൾക്ക് നാശം വരുത്തി.

# ഗവർമ്മെന്റ് നയം തീരുമാനിക്കേണ്ടത് ഉലമയല്ല: ഇന്തോനേഷ്യ

**ജക്കാർത്ത:** ഇന്തോനേഷ്യയുടെ മതപരമായ നയങ്ങളിൽ സ്വാധീനം ചെലുത്താൻ ഉലമാക്കൾ ശ്രമിക്കേണ്ടെന്ന് ഇന്തോനേഷ്യൻ ഗവർമ്മെന്റ് താക്കീത് ചെയ്തു. ഗവർമ്മെന്റ് അതിന്റെ ഉപാധികളിലൂടെ ക്രമസമാധാന പാലനം നടത്തുമെന്നും, പൊതുനീതി ഉറപ്പുവരുത്തുമെന്നും ഗവർമ്മെന്റ് വക്താവ് അസ്‌യുമർദി അസ്റ പറഞ്ഞു. നിയമം കർശനമായ രീതിയിൽ നടപ്പിലാക്കുന്നതിൽ യാതൊരു വിട്ടുവീഴ്ചയും പ്രതീക്ഷിക്കേണ്ടതില്ലെന്ന് ഗവർമ്മെന്റ് വക്താവ് അറിയിച്ചു. കൂടാതെ ഏതു വിഭാഗം ജനങ്ങൾക്കും തങ്ങളുടെ മതസ്വാതന്ത്ര്യം ഉപയോഗപ്പെടുത്താൻ, പൊതുനിയമങ്ങൾ ഉപയോഗിക്കാമെന്നും അംസ്റ പറഞ്ഞു. എന്നാൽ, ഈ പ്രസ്താവനയെ നിശിതമായാണ് മതമൗലികവാദികൾ വിമർശിച്ചത്. മതസ്വാതന്ത്ര്യം ഉറപ്പുവരുത്തേണ്ടതുണ്ടെന്നും എന്നാൽ, ഇസ്‌ലാമിൽനിന്നുള്ള വ്യതിചലനം ചിന്തിക്കാനാവില്ലെന്നും ഉലമാ കൗൺസിൽ ഡപ്യൂട്ടി ചെയർമാൻ മഹറൂഫ് അമിൻ പറഞ്ഞു. അഹ്മദികൾ നേരത്തെ തന്നെ മതദ്രോഹികളായി പ്രഖ്യാപിക്കപ്പെട്ടതാണെന്ന് അമീൻ തന്റെ പ്രസ്താവനയിലൂടെ അഭിപ്രായപ്പെട്ടു.

മറുവശത്ത് അഹ്മദിയ്യാ ജമാഅത്തിനെ ഇന്തോനേഷ്യയിലെ മനുഷ്യാവകാശ പ്രവർത്തകർ പരസ്യമായി പിന്തുണച്ചുകൊണ്ട് പ്രസ്താവന നടത്തി തുടങ്ങിയിട്ടുണ്ട്. സെന്റർ ഫോർ ഡയലോഗ് ആന്റ് കോ–ഓപ്പറേഷൻ എമോംഗ് സിറ്റിസൻ (CDCOAS) ചെയർമാൻ അബ്ദുൾ മുത്തി, മതം എന്നത് ഒരു സ്വകാര്യവിഷയമാണെന്നും അവിടെ മനുഷ്യാവകാശങ്ങൾ വിലമതിക്കപ്പെടേണ്ടതാണെന്നും പറഞ്ഞു. മതസ്വാതന്ത്ര്യത്തെ ലഭ്യമാക്കാനാണ് നിയമം ഉപയോഗിക്കേണ്ടതെന്നും മതസ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുകയല്ല വേണ്ടതെന്നും മുത്തി പ്രസ്താവിച്ചു. മറ്റൊരു പണ്ഡിതൻ റിദ്‌വാൻ ഹാസ്ജിം ഇന്തോനേഷ്യയിൽ ഇനിയും യഥാർത്ഥ മതസ്വാതന്ത്ര്യം വരാനിരിക്കുന്നതേയുള്ളൂവെന്ന് പറഞ്ഞു. സമുദായങ്ങൾ തമ്മിലുള്ള സൗഹാർദ്ദം പ്രത്യക്ഷവല്ക്കരിക്കപ്പെടുന്നതിനു മുമ്പായുള്ള പരിഷ്ക്കരണ നടപടികൾ ഫലപ്രാപ്തിയുളവാക്കില്ലായെന്ന് ഹാസ്ജിം അഭിപ്രായപ്പെട്ടു. പഴയകാല ഫ്യൂഡലിസത്തിന് പകരം ചിലയാളുകൾ സാധാരണജനങ്ങളുടെ അവകാശങ്ങളെ കവർന്നെടുക്കാൻ തുടങ്ങിയിട്ടുണ്ടെന്നും ഹാസ്ജിം പറഞ്ഞു.

# ജീവജലം പദ്ധതി

**ലണ്ടൻ:** ഹ്യൂമാനിറ്റിഫസ്റ്റ് ആസൂത്രണം ചെയ്തിരിക്കുന്ന പുതിയ സൃഷ്ടിസേവന പദ്ധതിയാണ് ജീവജലം (വാട്ടർ ഫോർ ലൈഫ്). ഈ പദ്ധതി ഉന്നംവയ്ക്കുന്നത് മൂന്നാംലോക രാഷ്ട്രങ്ങളെയാണ്. ഇന്നത്തെ ചുറ്റുപാടിൽ ഈ രാജ്യങ്ങളിൽ പകുതിയോളം ആളുകൾക്ക് കുടിവെള്ളമില്ല. ഈ പദ്ധതിയിലൂടെ കുടിവെള്ളം ക്ഷാമം നേരിടുന്ന മുഴുവൻ ആളുകൾക്കും തങ്ങളുടെ ഗ്രാമത്തിൽ ഓരോ ഹാന്റ്പമ്പുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയിലൂടെ കുടിവെള്ളം മാത്രമല്ല കൃഷിക്കാവശ്യമായ ജലസേചനാവശ്യങ്ങളും നിറവേറ്റപ്പെടും. അതുവഴി സ്വയംപര്യാപ്തമായ ഗ്രാമങ്ങൾ സൃഷ്ടിക്കപ്പെടുന്നു. ഇപ്പോൾത്തന്നെ ഗാംബിയ, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങൾ ഈ പദ്ധതി ആരംഭിച്ചുകഴിഞ്ഞു.

*അഭിമുഖം*

# ഖിലാഫത്തുമായി വ്യക്തിബന്ധം പുലർത്തുക: മൗലാനാ മുഹമ്മദ് ഉമർ സാഹിബ്

**(നാസിർ, ഇസ്‌ലാഹോ ഇർശാദായി നിയമിക്കപ്പെട്ടശേഷം ആദ്യമായി കേരളത്തിലെത്തിയ മൗലാനാ മുഹമ്മദ് ഉമർ സാഹിബുമായി നടത്തിയ അഭിമുഖ സംഭാഷണം)**



***ചോദ്യം:*** ആദ്യകാല വിദ്യാഭ്യാസവും ജമാഅത്ത് പ്രവർത്തനങ്ങളും?

ഉ: ഗവർമ്മെന്റ് സിറ്റി ഹൈസ്കൂൾ, ചൊവ്വ ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. സിറ്റി കേന്ദ്രമായുള്ള മുനവ്വറുൽ ഇസ്‌ലാം സാഹിത്യ സംഘത്തിൽ പ്രവർത്തിച്ചിരുന്നു. സംഘത്തിന്റെ സെക്രട്ടറി ഇന്നത്തെ വിദേശകാര്യമന്ത്രിയായ ഇ. അഹ്മദും മേൽനോട്ടം വഹിച്ചത് ജനാബ് എൻ. അബ്ദുർ റഹീം (മർഹൂം) സാഹിബുമായിരുന്നു. അവിടെ നടത്തിയിരുന്ന ആഴ്ചതോറുമുള്ള പ്രസംഗപരിശീലന ക്ലാസ്സ് പിന്നീട് ഏറെ ഉപകരിച്ചു. 'വിജ്ഞാനകിരണം' എന്ന പേരിൽ കൈയെഴുത്തു മാസിക പ്രസിദ്ധീകരിച്ചപ്പോൾ സജീവമായി പ്രവർത്തിച്ചു. ജമാഅത്തുമായി ഔദ്യോഗികമായി ബന്ധപ്പെട്ടത് സിറ്റി മജ്‌ലിസ് അത്ഫാൽ സിക്രട്ടറി എന്ന നിലയിലായിരുന്നു. ജനാബ് എൻ. ഹാമിദ് സാഹിബാണ് ഉറുദു പഠിപ്പിച്ചത്. എല്ലാ ആഴ്ചയിലും ജനാബ് ഹാമിദ് സാഹിബ് അൽ–ഫസൽ വായിക്കാറുണ്ടായിരുന്നു. അബ്ദുല്ലാ സാഹിബ് എച്ച്.എയുമായി കത്തിടപാടുകൾ നടത്താറുണ്ടായിരുന്നത് നല്ല അനുഭവമായിരുന്നു. അദ്ദേഹം എപ്പോഴും ഒരു മാർഗ്ഗദർശകമായിരുന്നു. എൻ. അബ്ദുറഹീം സാഹിബ്, കെ.സി. മഹ്മൂദ് സാഹിബ്, എൻ. ഇബ്റാഹീം സാഹിബ്, വി.കെ. മഹ്മൂദ് ഹാജി സാഹിബ്, സാവാൻ കുട്ടി സാഹിബ് എന്നിവരുമായി അടുത്തബന്ധം പുലർത്തിയിട്ടുണ്ട്. 18 വയസ്സാകുമ്പോഴേക്കും പഠനത്തിനായി ഖാദിയാനിലേക്ക് പോയി.

***ചോദ്യം*: പഠനസമയത്തും ഇപ്പോഴുമുള്ള ഖാദിയാനെ എങ്ങനെ താരതമ്യം ചെയ്യുന്നു?**

ഉ: വളരെയധികം മാറ്റങ്ങളും പുരോഗതികളുമുണ്ടായിട്ടുണ്ട്. ഞാൻ പഠിക്കുമ്പോൾ ഒരു വിദ്യാർത്ഥിക്ക് 20/– രൂപയായിരുന്നു സ്റ്റൈപ്പന്റ്. ഇതിൽ 16 രൂപ ലങ്കർഖാനയിൽ കൊടുത്താൽ മിച്ചം 4 രൂപ മാത്രം. എന്നാൽ ഇന്ന് ചെലവ് കഴിച്ച് ഓരോ വിദ്യാർത്ഥിക്കും 350/രൂപ സ്റ്റൈപ്പന്റ് അനുവദിക്കുന്നു. കെട്ടിടങ്ങളൊക്കെ പുതുതായി നിർമ്മിക്കപ്പെടുന്നു. അടിസ്ഥാന സൗകര്യങ്ങളിൽ കാര്യമായ മാറ്റമുണ്ട്. പുതിയ പുതിയ ഗസ്റ്റ്ഹൗസുകൾ, മിഷൻകേന്ദ്രം, മറ്റ് വിവിധ വകുപ്പുകളുടെ സ്ഥാപനങ്ങൾ എന്നിവ ഉയർന്നുവന്നിട്ടുണ്ട്. മനോഹരമായി പണികഴിക്കപ്പെട്ട 'സറാറെ താഹിർ'ന് ഏകദേശം 4 കോടിയോളം രൂപ ചെലവ് വന്നിട്ടുണ്ട്.

***ചോദ്യം:* വിവിധ ഖലീഫമാരുമായുള്ള അങ്ങയുടെ ബന്ധത്തെക്കുറിച്ച്?**

*ഉ:* അല്ലാഹുവിന്റെ അനുഗ്രഹത്താൽ 4 ഖലീഫമാരുടെ കാലഘട്ടത്തിൽ ജീവിക്കാൻ കഴിഞ്ഞിട്ടുണ്ട്. രണ്ടാം ഖിലാഫത്ത് എന്റെ വിദ്യാഭ്യാസകാലത്തായിരുന്നു. മൂന്നാം ഖലീഫയെ മൂന്നുതവണ റബ്‌വയിൽ വച്ച് കാണുകയും സംസാരിക്കുകയും ചെയ്തു. സംസാരവേളയിൽ ആഫ്രിക്കയിൽ നടത്തുന്ന തബ്‌ലീഗ് പ്രവർത്തനരീതിയെക്കുറിച്ച് വിശദീകരിക്കുകയും അത്തരം പ്രവർത്തനങ്ങൾ ഇവിടെയും നടത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. റബ്‌വയിൽ ആദ്യം 1955–ലും അവസാനം 1968–ലുമാണ് പോയത്. ഖലീഫത്തുൽ മസീഹ് റാബിഅ്മായും 3 തവണ മുലാക്കാത്ത് ചെയ്തിട്ടുണ്ട്. 1983–ൽ സിലോൺ സന്ദർശനവേളയിലായിരുന്നു ആദ്യം. അന്ന് മൂന്നാഴ്ച ഖലീഫയോടൊപ്പമുണ്ടായിരുന്നു. വളരെ സ്നേഹവും അനുകമ്പയും പ്രകടിപ്പിച്ചിരുന്ന വ്യക്തിയായിരുന്നു റാബിഅ്. ഹുസൂറിന്റെ പ്രസംഗങ്ങൾ തമിഴിലേക്ക് വിവർത്തനം ചെയ്തു. അഞ്ചാം ഖലീഫയുമായും സുദൃഢമായ ബന്ധം സ്ഥാപിച്ചിട്ടുണ്ട്. 2005 ഖാദിയാൻ ജൽസയിൽ പങ്കെടുത്തപ്പോൾ താങ്കളാണോ മുഹമ്മദ് ഉമർ എന്ന് ചോദിച്ച് ഹസ്തദാനം ചെയ്യുകയും ഷേർവാണി അണിയിക്കുകയും ചെയ്തു. ഹുസൂർ സ്വന്തം നിലയിൽ നാസിർ ആയി തിരഞ്ഞെടുത്തു. 2007–ലെ ലണ്ടൻ ജൽസയിലും തുടർന്ന് ജർമ്മൻ ജൽസയിൽ ഒരു സെഷനിൽ അധ്യക്ഷനാകാനുള്ള ഭാഗ്യം ലഭിച്ചു. ലണ്ടൻ ജൽസയിലെ പ്രസംഗശേഷം ഹുസൂർ സന്തോഷം പ്രകടിപ്പിച്ച് അഭിനന്ദിച്ചു.

***ചോദ്യം:*** ഇതിനുമുമ്പ് വഹിച്ച ഔദ്യോഗിക സ്ഥാനങ്ങൾ?

ഉ: ആദ്യമായി 1962 ആഗസ്റ്റിൽ ആന്ധ്ര മുബല്ലിഗ്–ഇൻ–ചാർജ്ജായിട്ടാണ് സേവനമാരംഭിച്ചത്. 1967 വരെ ആന്ധ്രയിൽ നിന്ന ശേഷം പിന്നീട് ബോംബെയിൽ ചാർജ്ജെടുത്തു. 1970 മുതൽ 1990 വരെ തമിഴ്നാട് മുബല്ലിഗ് ഇൻ–ചാർജ്ജായും തുടർന്ന് കേരളത്തിൽ ചീഫ് മിഷണറിയായും പ്രവർത്തിച്ചു.

ചോദ്യം: തമിഴ്നാട്ടിലെ അനുഭവം?

ഉ: ഞാൻ ചാർജ്ജെടുത്തപ്പോൾ വാടവീട്ടിലായിരുന്നു താമസിച്ചിരുന്നത്. ദൈവിക സഹായത്താൽ ഭംഗിയായ ഒരു മിഷൻഹൗസ് കോടമ്പാക്കത്ത് നിർമ്മിക്കുവാൻ സാധിച്ചു. അന്ന് 5 ജമാഅത്താണുണ്ടായിരുന്നതെങ്കിൽ ഇന്ന് 15 ഓളമുണ്ട്. 1971 മുതൽ 'സമാധാന വഴി' എന്ന മാസിക പ്രസിദ്ധീകരിച്ചിരുന്നു. 1994–ൽ അഹ്‌ലുൽ ഖുർആൻ വൽ ഹദീസ് എന്ന സംഘടനയുടെ മുഖപത്രം 'അന്നജാത്ത്, സമാധാന വഴിയുമായി ആരംഭിച്ച വിവാദം അവസാനം ചരിത്രപ്രസിദ്ധമായ കോയമ്പത്തൂർ വിവാദത്തിന് സാക്ഷ്യംവഹിച്ചു. ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ പ്രത്യേകാനുമതിയോടെയാണ് വിവാദം സംഘടിപ്പിച്ചത്. ഹാഫിസ് മുസഫർ അഹ്മദ് സാഹിബ്, മൗലാനാ ദോസ്ത് മുഹമ്മദ് സാഹിബ് എന്നിവർ സഹായികളായിട്ടുണ്ടായിരുന്നു. ദിവസം 6 മണിക്കൂർ വീതം ഈസാനബിയുടെ മരണം, ഖത്മുന്നുബുവ്വത്ത്, ഖിലാഫത്ത് എന്നീ വിഷയങ്ങളിൽ തുടർച്ചയായി 9 ദിവസം വാഗ്വാദം നീണ്ടു. വിവാദത്തെത്തുടർന്ന് കോയമ്പത്തൂരിൽ 108 പേർ ബയ്അത്ത് ചെയ്തു. ഇതിന്റെ വീഡിയോ കണ്ട് പിന്നീടും പലരും ബയ്അത്ത് ചെയ്തിട്ടുണ്ട്.

ചോ: പുതുതായി നിയമിക്കപ്പെട്ട സ്ഥാനത്തുള്ള ജോലിയെക്കുറിച്ച്?

ഉ: അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ നല്ല രീതിയിൽ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുന്നുണ്ട്. മൂന്ന് അസിസ്റ്റന്റുമാരും മറ്റ് ഓഫീസ് ജീവനക്കാരും സഹായത്തിനുണ്ട്. രാവിലെ 8 മണിമുതൽ ഉച്ചക്ക് 2 മണി വരെയാണ് ഓഫീസ് സമയം. കത്തുകൾ പരിശോധിക്കുക, ഫയലുകൾ

*(ശേഷം 8–ാം പേജിൽ)*

പ്രതിമാസം

വാർത്താവിശകലനം

ഷാജിർ അഹ്മദ്

# ഇരുണ്ട ആഫ്രിക്കയിലെ ദരിദ്ര ചാഡ്

*സുഡാന്റെ അരികിലായി കിടക്കുന്ന ചെറിയൊരു ആഫ്രിക്കൻ രാജ്യമാണ് ചാഡ്. ഈ രാജ്യത്തിന്റെ സമകാലീനപ്രസക്തി അതിശക്തമായി തുടരുന്ന ആഭ്യന്തര കലഹത്തിന്റെ രൂപത്തിലാണ്. വംശീയ-ഗോത്ര സംസ്കൃതിയുടെ ആഫ്രിക്കൻ മാനദണ്ഡങ്ങൾ പുലരുന്ന ഈ യുദ്ധം നിരന്തരം തുടരുന്നു. ചാഡ് എന്ന ചെറുരാജ്യത്തിന്റെ മുഖമുദ്രയായ നിത്യദാരിദ്ര്യം കലാപങ്ങളുടെ തുടർച്ചയെ ചെറുക്കുന്നില്ല. എണ്ണനിക്ഷേപമുള്ള ആഫ്രിക്കൻ രാജ്യമായ ചാഡ് നീണ്ട ആഭ്യന്തരകലഹത്താൽ തപിക്കുകയാണിപ്പോൾ.*

*ഏറെ വർഷങ്ങളായി ചാഡ് റിപ്പബ്ലിക്കിന്റെ പ്രസിഡണ്ടാണ് ഇദ്രിസ്സ് ദിബെ. ഇദ്ദേഹത്തിന്റെ ഏകാധിപത്യവും അഴിമതിയുമാണ് വിമതസേനകളുടെ പിറവിക്ക് കാരണം. യു.എഫ്.ഡി.ഡി എന്ന വിമതസേനയാണ് ഏറ്റവും വലിയ വിഭാഗം. കൂടാതെ ആർ.എഫ്.സി, യു.എഫ്.ഡി.ഡി (എവ്) എന്നിങ്ങനെ മറ്റു ചിലരുമുണ്ട്. പരസ്പരം പോരടിച്ചിരുന്ന ഈ വിമത സേനകൾ ഒരുമിച്ചതോടെ പ്രസിഡണ്ട് ദിബെ വിഷമത്തിലാണ്. ഇവിടെ അടിസ്ഥാനപരമായി വംശീയ പ്രശ്നമാണ് പുകയുന്നത്. പ്രസിഡണ്ട് ഇദ്രിസ് ദിബെ പ്രതിനിധാനം ചെയ്യുന്നത് ബഗാവാ എന്ന വംശത്തെയാണ്. ഇക്കൂട്ടർ ചാഡ് ജനസംഖ്യയുടെ വെറും 3% മാത്രമെയുള്ളൂ. എന്നാൽ, ഗോറാൻ തുടങ്ങിയ പ്രബലഗോത്രങ്ങൾക്ക് ബഹുഭൂരിപക്ഷമുണ്ട് ചാഡിയൻ സമൂഹത്തിൽ.*

*ഇവിടെ കൂട്ടിവായിക്കേണ്ടുന്ന മറ്റൊരു സംഗതി സുഡാൻ ഗവർമ്മെന്റ് നയമാണ്. ചാഡിലെ ഗറില്ലകൾക്ക് സഹായങ്ങളൊരുക്കുന്നത് സുഡാനിസ് ഗവർമ്മെന്റാണെന്ന് പറയപ്പെടുന്നു. കാരണം സുഡാനെതിരെ പോരാടുന്ന ദാർഫർ വിമതർക്ക് സഹായമെത്തിക്കുന്നത് ഇദ്രിസ് ദിബെയുടെ ചാഡ് ഗവർമ്മെന്റ് ആണ്. ചുരുക്കത്തിൽ പരസ്പരമുള്ള വിമതസഹായം സുഡാനും ചാഡിനുമിടയിൽ വിരുദ്ധമായ ദിശയിൽ സംഭവിക്കുന്നു. രണ്ടുവർഷത്തോളമായി തുടരുന്ന ചാഡ് കലാപങ്ങളിൽ എത്രയോ പേർ മരിച്ചുകഴിഞ്ഞു. എന്നിട്ടും കൃത്യമായ കണക്കുകളില്ലാത്ത യുദ്ധം മുന്നോട്ടുതന്നെ. ഒരുവശത്ത് തുടരുന്ന കടുത്ത ദാരിദ്ര്യത്തിന് ഗവർമ്മെന്റോ വിമതരോ ഒരു വിലയും കാണിക്കുന്നില്ല. ആഫ്രിക്കയുടെ കറുത്ത ഭൂമികയിൽ അശാന്തി നിത്യസത്യമാകുന്നു.*

# വസിയ്യത്ത് ജീവിതത്തിൽ പകർത്തേണ്ടുന്ന പദ്ധതി: മൗലാനാ ജലാലുദ്ദീൻ സാഹിബ് നയ്യർ



**കണ്ണൂർ ടൗൺ:** വസിയ്യത്ത് എന്നത് ജീവിതത്തിൽ പകർത്തേണ്ടുന്നപദ്ധതിയാണെന്ന് നാസിർ ബയ്ത്തുൽ മാൽ മൗലാനാ ജലാലുദ്ദീൻ സാഹിബ് നയ്യർ പറഞ്ഞു. കണ്ണൂർ ടൗൺ പള്ളിയിൽ ചേർന്ന തർബിയ്യത്ത് ക്ലാസ്സിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കാലത്തിന്റെ ഖലീഫ നടത്തുന്ന ആഹ്വാനമാണ് നമ്മുടെ മുന്നിലുള്ളത്. ഈ ആഹ്വാനം ചില പ്രത്യേക അർത്ഥങ്ങളുള്ളതാണ്. ഓരോ അഹ്മദിയും വസിയ്യത്തിൽ ചേർന്നാൽ സമൂഹത്തിനാകെയും മെച്ചമാണ്. പൂർണ്ണത നേടിയ മനുഷ്യനാകാനുള്ള പദ്ധതിയാണിത്. ജലാലുദ്ദീൻ സാഹിബ് നയ്യർ തുടർന്നു പറഞ്ഞു. ചടങ്ങിൽ മൗ:ഉമർ സാഹിബ്, മൗ: അയ്യൂബ് സാഹിബ്, ടൗൺ ജമാഅത്ത് പ്രസിഡണ്ട് ബി. അബ്ദുസ്സലാം സാഹിബ് തുടങ്ങിയവരും പ്രസംഗിച്ചു. കണ്ണൂർ മേഖലാ അമീർ എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ് ആധ്യക്ഷം കെ. അബ്ദുൽ അസീസ് സ്വാഗതം പറഞ്ഞു.

# എറണാകുളം മേഖലാ സമ്മേളനം




**എറണാകുളം:** അഹ്മദിയ്യാ ഖിലാഫത്തിന്റെ ശതവാർഷിക ജൂബിലി പ്രവർത്തനങ്ങൾക്ക് പ്രൗഢോജ്ജ്വലമായ തുടക്കം കുറിച്ചു കൊണ്ട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ എറണാകുളം മേഖലാ ഇസ്‌ലാഹൊ ഇർശാദ് മൗലാനാ മുഹമ്മദ് ഉമർ സാഹിബ് എച്ച്.എ. ഉദ്ഘാടനം ചെയ്തു. എറണാകുളം മസ്ജിദ് ഉമറിൽ മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ചീഫ് മിഷണറി മൗലവി മുഹമ്മദ് അയ്യൂബ് സാഹിബ് ഉദ്ബോധന പ്രഭാഷണം നിർവ്വഹിച്ചു. ഇടയനില്ലാത്ത ആട്ടിൻപറ്റമാണ് ഇന്നത്തെ മുസ്‌ലിം ലോകമെന്നും എന്നാൽ അഹ്മദികൾ ഖിലാഫത്തിന്റെ കോട്ടയിൽ സുരക്ഷിതരാണെന്നും യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് മൗലാനാ ഉമർ സാഹിബ് പറഞ്ഞു. ഖിലാഫത്തുമായി ഐക്യബന്ധമുണ്ടാക്കിയാൽ അല്ലാഹുവുമായി അടുക്കാൻ സാധിക്കും. സന്തോഷവേളയിലും സന്താപവേളയിലുമെല്ലാം തന്നെ നാം ജമാഅത്ത് വ്യവസ്ഥിതിയുമായി ഒട്ടിച്ചേർന്ന് നില്ക്കണമെന്നും അദ്ദേഹം പറഞ്ഞു.

ഉച്ചയ്ക്കുശേഷം നടന്ന യോഗത്തിൽ ഇസ്‌ലാം മതത്ത്വജ്ഞാനം എന്ന വാഗ്ദത്ത മസീഹ്(അ)ന്റെ മഹദ്ഗ്രന്ഥത്തെ അടിസ്ഥാനമാക്കിയുള്ള ചർച്ചാവേദി സംഘടിപ്പിച്ചു. സൗത്ത് ഇലാഖാ ഖാഇദ് ഇ.എച്ച്. നജീബ് സാഹിബ് അധ്യക്ഷത വഹിച്ചു. എ.എസ്. നൗഷാദ് സാഹിബ് ആമുഖ പ്രഭാഷണം നടത്തി. ഇ.എച്ച്. നജീബ് സാഹിബ് (മനുഷ്യന്റെ ശാരീരികം, ധാർമ്മികം, ആധ്യാത്മികം എന്നീ അവസ്ഥകൾ), മൗലവി സലിം സാഹിബ് കൊടുങ്ങല്ലൂർ (മരണാനന്തര ജീവിതത്തിൽ മനുഷ്യന്റെ അവസ്ഥ), സഫ്‌വാൻ സാഹിബ് കാക്കനാട് (ഐഹിക ജീവിതോദ്ദേശ്യവും തൽപ്രാപ്തിക്കുള്ള മാർഗ്ഗവും), മൗലവി അൻസാർ മഹ്ദി സാഹിബ് (ധർമ്മാനുസരണംമൂലം ഇഹപര ജീവിതത്തിലുള്ള ഫലം), മൗലവി നജീബ് ഖാൻ സാഹിബ് (ദൈവജ്ഞാന സിദ്ധിക്കുള്ള മാർഗ്ഗങ്ങൾ) എന്നിവർ വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി സംസാരിച്ചു. ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടിയും നൽകപ്പെട്ടു.

(7-ാം പേജിൽനിന്ന്)

കൈകാര്യം ചെയ്യുക, തീരുമാനങ്ങൾ ജമാഅത്തിനെ അറിയിക്കുക, ഹുസൂറുമായി കത്തിടപാടുകൾ നടത്തുക തുടങ്ങിയവയാണ് സാധാരണ നടപടികൾ. പഞ്ചാബിലെ 120 ജമാഅത്തുകളിൽ 15 എണ്ണം സന്ദർശിച്ചു. 3 പുതിയ പള്ളികൾ ഉദ്ഘാടനം ചെയ്തു. രണ്ട് പള്ളികൾക്ക് തറക്കല്ലിട്ടു. കേരളത്തിലേക്കും തമിഴ്നാട്ടിലേക്കുമുള്ള എഴുത്തുകുത്തുകൾ മാതൃഭാഷയിലേക്കാക്കിയിട്ടുണ്ട്. പല ജമാഅത്തുകളിൽനിന്നും ഇപ്പോൾ കൃത്യമായി റിപ്പോർട്ടുകൾ ലഭിക്കുന്നുണ്ട്. കത്തിടപാടുകളിൽ വേഗത കൈവന്നിട്ടുണ്ട്.

ചോ: വകുപ്പ് കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ?

ഉ: ജമാഅത്തിലെ ശിക്ഷണപരമായ കാര്യങ്ങൾക്കാണ് വകുപ്പ് ഊന്നൽ നല്കുന്നത്. ജമാഅത്തംഗങ്ങളുടെ ധാർമ്മികവും ആത്മയീവുമായ ഉന്നമനത്തിനുതകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ മുബല്ലിഗുമാരെ സജ്ജമാക്കുകയും അവരുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ചെയ്യുകയെന്നതാണ് മുഖ്യകർമ്മം. മാസംതോറും മുബല്ലിഗുമാരിൽനിന്നും ലഭിക്കുന്ന റിപ്പോർട്ട് ഫോറം വിശദമായി പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു. മറ്റൊന്ന് ഇസ്‌ലാഹ് കമ്മറ്റിയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയെന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തുകളിൽ ഇസ്‌ലാഹ് കമ്മിറ്റിയുടെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നടക്കുന്നുണ്ട്.

**ചോ:** ഖിലാഫത്ത് ശതവാർഷിക ജൂബിലിയോടനുബന്ധിച്ച് ഖാദിയാനിൽ നടക്കുന്ന മുന്നൊരുക്കങ്ങൾ എന്തൊക്കെയാണ്?

**ഉ:** ജൂബിലിയോടനുബന്ധിച്ച് മസ്ജിദ് അഖ്സയുടെ വിപുലീകരണം നടക്കുന്നുണ്ട്. ഹുസൂറിന്റെ വരവ് മുന്നിൽകണ്ട് പുതിയ ഗസ്റ്റ്ഹൗസുകളുടെ നിർമ്മാണം നടന്നുവരുന്നു. ഒന്നാം ഖലീഫയെ തെരഞ്ഞെടുത്ത മാവിൻചുവട്ടിൽ മനോഹരമായ ഖിലാഫത്ത് സ്മാരകം ഉയർന്നുവരും. അതിന്റെ തറക്കല്ലിട്ടുകഴിഞ്ഞു. ശതവാർഷിക ജൂബിലി ആഘോഷങ്ങളുടെ സമാപനം കുറിച്ചുകൊണ്ടുള്ള 2008-ലെ ജൽസയിൽ ഹുസൂർ പങ്കെടുക്കും (ഇൻശാഅല്ലാഹ്). ലണ്ടൻ, ജർമ്മനി, പാക്കിസ്ഥാൻ തുടങ്ങിയ വിദേശരാജ്യങ്ങളിൽ നിന്നും പതിനായിരങ്ങൾ എത്തുമെന്ന് പ്രതീക്ഷിക്കുന്നു. ഏകദേശം ഒന്നരലക്ഷത്തോളം പങ്കെടുക്കുന്ന ജൽസയായിരിക്കും 2008-ലേത്. ഈ ജൽസ വിജയിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

**ചോ:** ഖിലാഫത്തുമായുള്ള ബന്ധം എപ്രകാരമായിരിക്കണം?

**ഉ:** ഖലീഫയുമായി എപ്പോഴും വ്യക്തിബന്ധം പുലർത്തുവാൻ ശ്രമിക്കണം. അതുമുഖേനയുണ്ടാകുന്ന അനുഗ്രഹം അളവറ്റതാണ്. വ്യക്തി ജീവിതത്തിലും കുടുംബജീവിതത്തിലുമുണ്ടാകുന്ന എല്ലാ പ്രശ്നങ്ങളും ഹുസൂറിനെ അറിയിക്കുക. നിരന്തരമായി കത്തുകളെഴുതുന്ന ശീലം ഉണ്ടാക്കിയെടുക്കണം. ദുആക്കുവേണ്ടി അപേക്ഷിക്കണം. അതുപോലെ ഹുസൂറിനുവേണ്ടിയും നിരന്തരം ദുആ ചെയ്തുകൊണ്ടിരിക്കണം.

**ചോ:** ഖിലാഫത്തിനോടുള്ള അനുസരണം?

**ഉ:** ഖലീഫയിൽനിന്നും വരുന്ന എല്ലാ നിർദ്ദേശങ്ങളും പൂർണ്ണമനസ്സോടെ അനുസരിക്കണം. പരിപൂർണ്ണമായ അനുസരണമായിരിക്കണം അത്. ഒരിക്കലും തന്നെ ധിക്കാരം പ്രവർത്തിക്കരുത്. ഖിലാഫത്തുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളിൽ മാത്രമെ ബർക്കത്തുണ്ടാകുകയുള്ളൂ.

**ചോ:** മറ്റാർക്കും ലഭിക്കാത്ത രീതിയിൽ പാക്കിസ്ഥാനിൽ നിന്നും വരുന്ന അഹ്മദികൾക്ക് ഇന്ത്യാ ഗവർമ്മെന്റ് വിസ നൽകുന്നു. എന്താണതിന് കാരണം?

**ഉ:** ഇന്ത്യാ ഗവർമ്മെന്റുമായി സുദൃഢബന്ധമാണ് മർക്കസിനുള്ളത്. ഉമൂർആമ വകുപ്പ് ഇക്കാര്യത്തിൽ വളരെ നല്ല സേവനമാണ് നടത്തുന്നത്. പാക്കിസ്ഥാനിൽ നമുക്കെതിരെ നടക്കുന്ന ക്രൂരതകൾ ഇന്ത്യാ ഗവർമ്മെന്റിന് നമ്മോട് അനുകമ്പക്ക് കാരണമായിട്ടുണ്ട്. കൂടാതെ ജമാഅത്തിന്റെ ഇതുവരെയുള്ള പ്രവർത്തന ചരിത്രത്തിൽ സർക്കാരിന് സംതൃപ്തിയാണുള്ളത്.

**ചോ:** മിയാസാഹിബിന്റെ അഭാവം?

**ഉ:** മിയാസാഹിബിന്റെ അഭാവം സൃഷ്ടിച്ച ശൂന്യത ഇപ്പോഴും നീങ്ങിയിട്ടില്ല. എന്നിരുന്നാലും ഇത് ജമാഅത്തിന്റെ പ്രവർത്തനങ്ങളെ ബാധിച്ചിട്ടില്ല. വളരെ വിജയകരമായ രീതിയിൽ തന്നെയാണ് ഇത്തവണത്തെ ജൽസ നടന്നത്.

**ചോ:** അഹ്മദികൾക്ക് രാഷ്ട്രീയപ്രവർത്തനങ്ങളിൽ പങ്കെടുക്കാമോ?

**ഉ:** അഹ്മദികൾ രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തനങ്ങളിൽ പങ്കെടുക്കരുതെന്നാണ് എന്റെ അഭിപ്രായം. എന്നാൽ ഓരോ അഹ്മദിക്കും രാഷ്ട്രത്തോട് സ്നേഹവും കൂറും ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്.

(1-ാം പേജിൽ നിന്ന്)

കരസ്ഥമാക്കാൻ ശ്രമിച്ചു. അപ്പോൾ അല്ലാഹു അവർക്ക് പരിശുദ്ധശക്തി നല്കി. ഇതുമുഖേന അവരുടെ ചിന്താഗതി മാറിപ്പോയി. തിന്മയെ തിന്മയെന്ന് മനസ്സിലാക്കാതിരുന്ന അതേ ഇന്ദ്രിയങ്ങൾ, നന്മയുടെ ഉന്നതനിലവാരം കരസ്ഥമാക്കാൻ ഉത്സുകരായി ത്തീർന്നു.

ഈ വിപ്ലവമാണ് അക്കാലത്തെ അജ്ഞരായ അറബികളിൽ ഈ മഹാനായ റസൂൽ ഉണ്ടാക്കിയത്. അനുപമമായ നിലയിൽ അവരെ ശുദ്ധീകരിച്ചു. നമുക്കറിയാം, ഈ മഹാനായ ദൂതന്റെ കാലഘട്ടം ഖിയാമത്തുന്നാൾവരെയാണ്. അതുകൊണ്ട് ഈ അധ്യാപനത്തെ എപ്പോഴും യഥാർത്ഥമായ നിലയിൽ പ്രയോജനപ്പെടുത്തുന്നവരുടെ ശുദ്ധികർമ്മവും ഇതുമുഖേന നടന്നുകൊണ്ടിരിക്കുന്നു. നിഘണ്ടുവിൽ പറഞ്ഞിട്ടുള്ള അർത്ഥങ്ങൾ നാം കണ്ടതാണ്. ***യുസക്കീഹിം*** എന്നതിന്റെ അർത്ഥം അവരുടെ അംഗസംഖ്യ കൂടുന്നതാണ് എന്നും ഉണ്ട്. അതായത്, ഈ ഗ്രന്ഥത്തിന്റെ അസാധാരണമായ സ്വാധീനശക്തികൊണ്ട്, ജനങ്ങൾ അത് സ്വീകരിച്ചുകൊണ്ടേ പോകുന്നതാണ്. അതായത് അദ്ദേഹത്തിന്നിറങ്ങിയ അസാധാരണമായ ധർമ്മശാസ്ത്രഗ്രന്ഥത്തിന്റെ സ്വാധീനശക്തികൊണ്ട്, ജനങ്ങൾ അതിനെ സ്വീകരിച്ചുകൊണ്ടേ പോകും. ഈ മഹാനായ റസൂലിന്റെ ദീൻ അതായത്, ഇസ്‌ലാം മതം സർവ്വമതങ്ങളേയും അതിജയിക്കുന്ന ഒരു കാലംവരും. അറേബ്യൻ സമൂഹത്തിൽ ആ മഹാത്മാവ് ഉണ്ടാക്കിയ ഈ മഹാവിപ്ലവം, ജനങ്ങളുടെ ചിന്താഗതിയിലുണ്ടാക്കിയ മാറ്റം, ഒരു ദിവസം കൊണ്ടുണ്ടായതല്ല. ആദ്യ ദിവസംതന്നെ അറബികളെല്ലാം പരിശുദ്ധിയാർജ്ജിച്ചിരുന്നില്ല. പതുക്കെപ്പതുക്കെ ഈ അധ്യാപനത്തിലൂടെ മാറ്റം വരികയാണ് ചെയ്തത്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂ ഹുറയ്റ(റ) നിവേദനം ചെയ്യുന്നു. ഒരാൾ നബി(സ)യുടെ അടുക്കൽ വന്നു. നബി(സ) വാങ്ങിയ കടം അയാൾ തിരിച്ചുചോദിച്ചു. അപ്പോൾ അപമര്യാദയോടെ പെരുമാറി. സ്വഹാബത്തിന് ദ്വേഷം വന്നു. അയാളെ വഴക്കു പറഞ്ഞു. നബി(സ) പറഞ്ഞു: അയാളെ ഒന്നും പറയാൻ പാടില്ല. കാരണം വാങ്ങേണ്ടവന് കുറച്ച് പറയാനും അവകാശമുണ്ട്. പിന്നീട് അയാൾക്ക് കൊടുക്കാനുള്ള സമാനമായ മൃഗത്തെ കൊടുക്കാൻ നബി (സ) പറഞ്ഞു. സ്വഹാബാക്കൾ വലിയ മൃഗങ്ങളേയുള്ളൂവെന്നറിയിച്ചു. നബി(സ) പറഞ്ഞു, അവയിൽ നിന്ന് കൊടുക്കുക. കാരണം കടം നല്ലനിലയിൽ വീട്ടുന്നവനാണ് നിങ്ങളിലുത്തമൻ.”

ഇതാണ് നബി(സ)യുടെ ജീവിതമാതൃക.

Published by Shefi Ahmad, North Ilaqa Qaid for Majlis Khuddamul Ahmadiyya. Chief Editor - Ashique Thotton, Editor - Shajir Ahamed. T, Kannur.